2024 OCTOBER
18
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## താരിഫ് വർധന നേട്ടമാക്കി ജിയോ: അറ്റാദായം 23.4 % വർധിച്ച് 6,539 കോടിയായി

**മുംബൈ:** രാജ്യത്തെ ഏറ്റവും വലിയ ടെലികോം സേവന ദാതാവായ ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡിന്റെ അറ്റദായത്തിൽ 23.4 ശതമാനം വർധന. സെപ്റ്റംബറിൽ അവസാനിച്ച പാദത്തിൽ അറ്റാദായം 6,539 കോടി രൂപയായി. ജൂലായ് തുടക്കത്തിൽ താരിഫ് വർധിപ്പിച്ചതാണ് കമ്പനിക്ക് നേട്ടമായത്.

ഒരു ഉപഭോക്താവിൽ നിന്നുള്ള ശരാശരി വരുമാനം 195.1 രൂപയായി ഉയർന്നു. തുടർച്ചയായി നാല് മാസം 181.7 രൂപയായിരുന്നു. വാർഷിക അടിസ്ഥാനത്തിൽ 7.4 ശതമാനമാണ് ഈയിനത്തിലെ വരുമാന വർധന. താരിഫ് വർധനയിലെ നേട്ടം പൂർണമായി പ്രതിഫലിക്കുക അടുത്ത പാദത്തിലെ പ്രവർത്തന ഫലത്തിലായിരിക്കുമെന്ന് കമ്പനി അറിയിച്ചു. രണ്ടാം പാദത്തിലെ വരുമാനം 18 ശതമാനം കൂടി 31,709 കോടിയായി. മുൻ പാദത്തെ അപേക്ഷിച്ച് 12.8 ശതമാനമാണ് വർധന.

14.8 കോടി വരിക്കാർ 5ജിയിലേക്ക് മാറിയതായും കമ്പനി അറിയിച്ചു. അതേസമയം, നടപ്പ് പാദത്തിൽ 1.09 കോടി വരിക്കാരെ ജിയോക്ക് നഷ്ടമായി. തുടർച്ചയായി ഏഴ് പാദങ്ങളിൽ വരിക്കാരുടെ എണ്ണത്തിൽ വർധനവുണ്ടായ ശേഷമാണ് ആദ്യമായി ഇടിവ് രേഖപ്പെടുത്തുന്നത്. ആദ്യ പാദത്തിൽ 48.97 കോടി വരിക്കാരായിരുന്നു ഉണ്ടായിരുന്നത്. രണ്ടാപാദത്തിലാകട്ടെ 47.88 കോടിയായി.




ഡാറ്റ ഉപയോഗം 24% വർധിച്ച് 45 ബില്യൺ ജിബി ആയി. വോയ്സ് ട്രാഫിക്ക് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 6.4% വർധിച്ച് 1.42 ലക്ഷം കോടി മിനിറ്റിലെത്തി. ജിയോ എയർ ഫൈബർ വരിക്കാരുടെ എണ്ണത്തിലും നേട്ടമുണ്ടായി. 28 ദശലക്ഷം വീടുകളെ ജിയോ എയർ ഫൈബർ വഴി ബന്ധിപ്പിക്കാനായി.

## ബിഹാറിൽ വിഷമദ്യ ദുരന്തത്തിൽ മരണം 25 ആയി

**പട്ന:** ബിഹാറിൽ വിഷമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി. സിവാൻ ജില്ലയിൽ 20, സാരൻ ജില്ലയിൽ 5 എന്നിങ്ങനെയാണു മരണസംഖ്യ. വ്യവസായിക ആവശ്യത്തിനുള്ള സ്പിരിറ്റാണു മദ്യമായി വിതരണം ചെയ്തതെന്നു കണ്ടെത്തി. വിഷമദ്യ കേസിൽ സിവാനിൽനിന്ന് 9 പേരെയും സാരനിൽനിന്നു 3 പേരെയും പൊലീസ് അറസ്റ്റ് ചെയ്തു. സിവാൻ, സാരൻ ജില്ലകളിൽ പൊലീസ് നടത്തിയ വ്യാപക റെയ്ഡിൽ 1650 ലീറ്റർ വ്യാജമദ്യം പിടിച്ചെടുത്തു.വിഷമദ്യ ദുരന്തം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി നിതീഷ് കുമാർ ഉദ്യോഗസ്ഥരുടെ ഉന്നതതല യോഗം വിളിച്ചു. സംഭവത്തെ കുറിച്ചു സമഗ്ര അന്വേഷണം നടത്താൻ മുഖ്യമന്ത്രി നിർദേശം നൽകി. ബിഹാറിലെ മദ്യനിരോധനം കടലാസിൽ മാത്രമേയുള്ളൂവെന്നു ജൻ സുരാജ് പാർട്ടി നേതാവ് പ്രശാന്ത് കിഷോർ പ്രതികരിച്ചു. ബിഹാറിലെ എല്ലാ ജില്ലകളിലും വിഷമദ്യ ദുരന്തങ്ങൾ നടക്കുന്നുണ്ടെന്നും പലതും മൂടിവയ്ക്കുകയാണെന്നും പ്രശാന്ത് പറഞ്ഞു.

## ഹമാസ് മേധാവി യഹ്യ സിൻവർ കൊല്ലപ്പെട്ടു; ഹമാസ് നേതൃനിരയെ തുടച്ചുനീക്കി ഇസ്രയേൽ



**ജറുസലം:** വടക്കൻ ഗാസയിൽ ഇസ്രയേൽ നടത്തിയ ബോംബാക്രമണത്തിൽ ഹമാസ് ഭീകരൻ യഹ്യ സിൻവർ (62) കൊല്ലപ്പെട്ടു. മൃതദേഹത്തിന്റെ ഡിഎൻഎ പരിശോധനയിലൂടെയാണു കൊല്ലപ്പെട്ടത് യഹ്യ സിൻവർ ആണെന്നു സ്ഥിരീകരിച്ചതെന്ന് ഇസ്രയേൽ വിദേശകാര്യ മന്ത്രി അറിയിച്ചു.

കൊല്ലപ്പെട്ടിരിക്കാമെന്നു സൂചനയാണു ഹമാസ് കേന്ദ്രങ്ങളും നൽകിയത്. ഇതോടെ ഹമാസിന്റെ ഭീകര നേതൃനിരയെ അപ്പാടെ ഇസ്രയേൽ കൊലപ്പെടുത്തി. തകർന്ന കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ സിൻവറിന്റെ മൃതദേഹത്തിന്റെ ഫോട്ടോയും വിഡിയോയും ഇസ്രയേൽ മാധ്യമങ്ങൾ പുറത്തുവിട്ടു. അതേസമയം, ജബാലിയയിൽ യുഎൻ അഭയകേന്ദ്രമായ സ്കൂളിനുനേരെയുണ്ടായ ബോംബാക്രമണത്തിൽ 5 കുട്ടികളടക്കം 28 പലസ്തീൻകാർ കൊല്ലപ്പെട്ടു. 160 പേർക്കു പരിക്കേറ്റു.

2023 ഒക്ടോബർ 7നു തെക്കൻ ഇസ്രയേലിൽ ഹമാസ് നടത്തിയ കടന്നാക്രമണത്തിന്റെ മുഖ്യ സൂത്രധാരൻ ഇയാളായിരുന്നു. ജൂലൈയിൽ ടെഹ്റാനിൽ ഇസ്മായിൽ ഹനിയ കൊല്ലപ്പെട്ടശേഷം സംഘടനയുടെ മേധാവിയായി. ഹനിയ ഖത്തറിലെ ദോഹ കേന്ദ്രീകരിച്ചാണു പ്രവർത്തിച്ചിരുന്നതെങ്കിൽ ഗാസയിൽനിന്നു ഹമാസിനെ നയിച്ചിരുന്നത് യഹ്യ സിൻവറായിരുന്നു. ഒക്ടോബർ 7നു ശേഷം ബന്ദികൾക്കൊപ്പം ഒരു ഭൂഗർഭകേന്ദ്രത്തിൽനിന്നു മറ്റൊന്നിലേക്കു മാറിക്കൊണ്ടിരിക്കുകയാണു സിൻവറെന്നും റിപ്പോർട്ടുണ്ടായിരുന്നു. കൊല്ലപ്പെടുമ്പോൾ ബന്ദികളാരും ഒപ്പമുണ്ടായിരുന്നില്ലെന്നാണു സൂചന.

ഇറാന്റെ പിന്തുണയുള്ള ലബനനിലെ ഹിസ്ബുല്ലയുടെ മേധാവി ഹസൻ നസ്റല്ല കഴിഞ്ഞ മാസമാണ് ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഗാസയിൽ ഇസ്രയേൽ ആക്രമണങ്ങളിൽ ഇതുവരെ 42,438 പലസ്തീൻകാർ കൊല്ലപ്പെട്ടു. 99,246 പേർക്കു പരിക്കേറ്റു. കഴിഞ്ഞ മാസാവസാനമാണ് വടക്കൻ ഗാസയിലേക്കു ഇസ്രയേൽ സൈന്യം തിരിച്ചെത്തിയത്.

## യുഎസും യുദ്ധവും: രാജ്യാന്തര സ്വർണം പുത്തൻ റെക്കോർഡിൽ; കേരളത്തിലും വില കുതിച്ചേക്കും

**കൊച്ചി:** രാജ്യാന്തര സ്വർണവില റെക്കോർഡ് തൂത്തെറിഞ്ഞ് എക്കാലത്തെയും പുതിയ ഉയരത്തിൽ. ഔൺസിന് 2,?696.68 ഡോളറിലേക്കാണ് ഇന്ന് ഇന്ത്യൻ സമയം വൈകിട്ട് എട്ടോടെ വില ഉയർന്നത്. ഇന്ന് ഇതുവരെ മാത്രം 20 ഡോളർ ഉയർന്നു കഴിഞ്ഞു. നിലവിൽ വ്യാപാരം പുരോഗമിക്കുന്നത് 2,693 ഡോളറിൽ.
കഴിഞ്ഞ മാസം രേഖപ്പെടുത്തിയ 2,685 ഡോളർ എന്ന റെക്കോർഡ് പഴങ്കഥയായി. 2,?700 ഡോളർ എന്ന മാന്ത്രികസംഖ്യ വൈകാതെ മറികടന്നേക്കുമെന്നാണ് വിലയിരുത്തലുകൾ.

കേരളത്തിലെ സ്വർണവിലയും കുതിച്ചുയരാൻ വഴിവയ്ക്കുന്നതാണ് രാജ്യാന്തര വിപണിയിലെ ഈ വിലക്കയറ്റം. ഇന്ന് കേരളത്തിൽ സ്വർണവില പവന് 160 രൂപ ഉയർന്ന് സർവകാല ഉയരമായ 57,280 രൂപയിൽ എത്തിയിരുന്നു. 20 രൂപ ഉയർന്ന് 7,160 രൂപയാണ് ഗ്രാം വില. രാജ്യാന്തര വില നിലവിലെ ട്രെൻഡ് തുടർന്നാൽ, നാളെ കേരളത്തിലെ വിലയും കത്തിക്കയറും.

ലോകത്തെ ഒന്നാം നമ്പർ സാമ്പത്തികശക്തിയായ യു.എസിലെ ചലനങ്ങളാണ് പ്രധാനമായും സ്വർണവിലയിൽ കുതിപ്പുണ്ടാക്കുന്നത്.

ഒന്ന്, യുഎസിൽ സാമ്പത്തികരംഗം മാന്ദ്യഭീതിയിലാണെന്ന സൂചനയുമായി കഴിഞ്ഞമാസം മാനുഫാക്ചറിങ് മേഖലയുടെ വളർച്ചാ സൂചിക നെഗറ്റീവിലേക്ക് ഇടിഞ്ഞു.



# ഓൾ കേരള ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിന് ഇന്നു തുടക്കം




**കോലഞ്ചേരി :** പ്ലാന്റ് ലിപിഡ്സ് കമ്പനിയും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്പോർട്സ് സെന്ററും സംയുക്തമായി സംഘടിപ്പിക്കുന്ന ഓൾ കേരള ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്ന് ഇന്ന് ആരംഭിക്കും. രാവിലെ 9.45 ന് സെന്റ് പീറ്റേഴ്സ് സ്പോർട്സ് സെന്ററിൽ കലക്ടർ എൻ.എസ്.കെ. ഉമേഷ് ഉദ്ഘാടനം നിർവഹിക്കും. പ്ലാന്റ് ലിപിഡ് ചെയർമാൻ സി.ജെ. ജോർജ്, എംഡി ജോൺ ജോർജ് നെച്ചൂപ്പാടം തുടങ്ങിയവർ പങ്കെടുക്കും .

9,11,13,15 വയസ്സിൽ താഴെയുള്ളവരെ 12 കാറ്റഗറികളായി തിരിച്ചാണ് മത്സരം. ആൺ, പെൺ വിഭാഗങ്ങളിൽ 500 മത്സരാർഥികൾ പങ്കെടുക്കും. 4 ലക്ഷം രൂപ സമ്മാനത്തുകയുള്ള ചാംപ്യൻഷിപ് 20 ന് സമാപിക്കും .

വളർന്നു വരുന്ന കായിക താരങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ടൂർണമെന്റ് സംഘടിപ്പിച്ചിരിക്കുന്നതെന്ന് സ്കൂൾ മാനേജർ മാത്യു പി. പോൾ അറിയിച്ചു. പ്ലാന്റ് ലിപിഡ്സ് എജിഎം പ്രവീൺ തോമസ്, സ്പോർട്സ് സെൻറർ സെക്രട്ടറി ബോബി കുര്യാക്കോസ് എന്നിവർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു.



**കേരള ജേർണലിസ്റ്റ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.**

# പ്രാദേശിക മാധ്യമ പ്രവർത്തക ക്ഷേമനിധി ഔദാര്യമല്ല, അവകാശമാണെന്ന് ആർ. ചന്ദ്രശേഖരൻ

**തിരുവനന്തപുരം:** പ്രാദേശിക മാധ്യമ പ്രവർത്തകരുടെ പ്രാധാന്യം ഉൾക്കൊള്ളാനും അവർക്ക് ആവശ്യമായ പരിരക്ഷ കൊടുക്കുവാനും സർക്കാർ തയ്യാറാകാത്തതിനെ ആശങ്കയോടെയാണ് കാണുന്നതെന്ന് ഐ.എൻ.ടി.യു.സി സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ പറഞ്ഞു.

കേരള ജേർണലിസ്റ്റ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റി സംഘടിപ്പിച്ച സെക്രട്ടറിയേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രാദേശിക മാധ്യമ പ്രവർത്തകർക്കുള്ള ക്ഷേമനിധി സർക്കാരിന്റെ ഔദാര്യമല്ലെന്നും അവരുടെ അവകാശമാണെന്നും തിരിച്ചറിയണം. നാടിന്റെ വികസനത്തിൽ ഭരണകൂടത്തോടൊപ്പം നിർണായക പങ്കു വഹിക്കുന്ന ഈ വിഭാഗത്തെ ഇന്നല്ലെങ്കിൽ നാളെ അംഗീകരിക്കേണ്ടി വരും. പ്രാദേശിക മാധ്യമ പ്രവർത്തകരുടെ അവകാശപോരാട്ടങ്ങൾക്ക് തൊഴിലാളി പ്രസ്ഥാനങ്ങൾ ഒപ്പമുണ്ടാകുമെന്നും ഈ വിഷയത്തിൽ ഐ.എൻ.ടി.യു.സി മുഖ്യമന്ത്രിക്കും തൊഴിൽ വകുപ്പ് മന്ത്രിക്കും കത്തു നൽകുമെന്നും ആർ. 'ചന്ദ്രശേഖരൻ വ്യക്തമാക്കി. തുടർസമരങ്ങൾക്ക് ഐ.എൻ.ടി.യു.സി പിന്തുണ നൽകി ഒപ്പമുണ്ടാകുമെന്നും അവകാശങ്ങൾ നേടിയെടുക്കുക തന്നെ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാന പ്രസിഡന്റ് അനിൽ ബിശ്വാസ് അദ്ധ്യക്ഷത വഹിച്ചു. എ. വിൻസെന്റ് എം.എൽ.എ മുഖ്യപ്രഭാഷണം നടത്തി. കെ.ജെ.യു സംസ്ഥാന ജനറൽ സെക്രട്ടറി കെ.സി. സ്മിജൻ, ഐ.ജെ.യു ദേശീയ എക്സി. അംഗം ബാബു തോമസ്, ട്രഷറർ ഇ.പി. രാജീവ്, വൈസ് പ്രസിഡന്റുമാരായ സനൽ അടൂർ, എം.എ. ഷാജി, മണിവസന്തം ശ്രീകുമാർ, പ്രകാശൻ പയ്യന്നൂർ, സെക്രട്ടറിമാരായ ജോഷി അറക്കൽ, പ്രമോദ് രാജപുരം, ദേശീയ സമിതി അംഗങ്ങളായ ആഷിക്ക് മണിയംകുളം, ജോസ് താടിക്കാരൻ, വനിത വിംഗ് കൺവീനർ ആശ കുട്ടപ്പൻ എന്നിവർ സംസാരിച്ചു.

പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്നാരംഭിച്ച മാർച്ചിന് സംസ്ഥാന ഭാരവാഹികൾക്ക് പുറമെ വിവിധ ജില്ലാ ഭാരവാഹികളായ ബോബൻ ബി. കിഴക്കേത്തറ, വർഗീസ് കൊച്ചുപറമ്പിൽ, അശ്വിൻ പഞ്ചക്ഷരി, ബിനോയി വിജയൻ, എം. സുജേഷ്, രാജു കടകരപ്പിള്ളി, വാഹിദ് കറ്റാനം, ടി. ഹരിദാസ്, തമ്പി കടത്തുരുത്തി, കെ.ടി. ഹരിദാസ്, ബിജു ലോട്ടസ്, ശശി പെരുമ്പടപ്പിൽ, ലത്തീഫ് കുഞ്ഞാട്ട്, അജീഷ് കർക്കിടകത്ത്, ജോസ് വാവേലി, കാർത്തിക് കൃഷ്ണ, സാജു ചെമ്പേരി, എൻ.എ. സതീഷ്, സുരേഷ് കൂക്കൾ, എസ്.ആർ. ബിനു, പ്രിയ പരമേശ്വരൻ, വനിത വിംഗ് നേതാക്കളായ ജിഷ ബാബു എന്നിവരും നേതൃത്വം നൽകി.

# പൊലീസ് സേനയുടെ മാനസികാരോഗ്യം പരമപ്രധാനം ആർ ഇളങ്കോ ഐപിഎസ്

**തൃശൂർ:** പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന പൊലീസ് സേനയിലെ അംഗങ്ങളെല്ലാം മാനസികാരോഗ്യ പരിചരണത്തിൽ ശ്രദ്ധ പുലർത്തണമെന്ന് സിറ്റി പൊലീസ് കമ്മിഷണർ ആർ ഇളങ്കോ ഐപിഎസ്.

ഇസാഫ് ഫൗണ്ടേഷനും ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുടെ തൃശൂർ ഘടകവും ചേർന്ന് ജില്ലയിലെ 23 പൊലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥർക്കുവേണ്ടി നടത്തിയ 'ജോലിസ്ഥലത്തെ മാനസികാരോഗ്യം' സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'പൊലീസ് സ്റ്റേഷനുകളിൽ ഉദ്യോഗസ്ഥ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തണം. ആരോഗ്യകരമായ ഉദ്യോഗസ്ഥ ബന്ധം ഉടലെടുത്താൽ മാത്രമേ പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകാൻ സാധിക്കുകയുള്ളു.

നിരന്തരമായി ജോലി ചെയ്യാതെ, കൃത്യമായ ഇടവേളകളിൽ അവധിയിൽ പ്രവേശിക്കുകയും കുടുംബങ്ങളിൽ നടക്കുന്ന പരിപാടികളിൽ പങ്കെടുക്കുകയും ചെയ്യണം. അദ്ദേഹം പറഞ്ഞു. മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ പിറകെ പോകുന്നത് അമിത വേഗത ഉണ്ടാക്കി അപകടം ക്ഷണിച്ചു വരുത്തുമെന്നും ബദൽ മാർഗങ്ങളിലൂടെ ആ സാഹചര്യത്തെ മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ പൊലീസിന് സാധിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇസാഫ് ഫൗണ്ടേഷൻ അസോസിയേറ്റ് ഡയറക്ടർ ജോൺ പി ഇഞ്ചക്കലോടി അധ്യക്ഷത വഹിച്ചു. തൃശൂർ മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സെബിന്ദ് കുമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ധന്യ വി.എസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ചടങ്ങിൽ ആരോഗ്യ സർവകലാശാല റിസർച് ഡീൻ ഡോ. കെ എസ് ഷാജി, ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി തൃശൂർ ബ്രാഞ്ച് സെക്രട്ടറി ഡോ. വിജുനാഥ് തിലകൻ, എഎസ്ഐ ഷിജി പി ബി, ഇസാഫ് ഫൗണ്ടേഷൻ സീനിയർ മാനേജർ മെറീന ജോസഫൈൻ തുടങ്ങിയവർ സംസാരിച്ചു.

# ഇന്ത്യൻ സൊസൈറ്റി ഓഫ് കാർഡിയോളജി ദേശീയ സമ്മേളനം

**ആലപ്പുഴ:** ഇന്ത്യൻ സൊസൈറ്റി ഓഫ് കാർഡിയോളജിയുടെ 19ാമത് ദേശീയ സമ്മേളനം ഒക്ടോബർ 18 മുതൽ 20 വരെ ആലപ്പുഴ ഉദയ് ബാക്ക്‌വാട്ടർ റിസോർട്ടിൽ നടക്കും.

ക്ലിനിക്കൽ, ഇന്റർവെൻഷണൽ കാർഡിയോളജിയിലെ സമീപകാല സമീപകാല നേട്ടങ്ങളും വൈദ്യശാസ്ത്ര സാങ്കേതിക വിദ്യകളും വിശകലനം ചെയ്യുന്നതാണ് സമ്മേളനം ഹൃദ്രോഗ ചികിത്സപ്രതിരോധം മുതൽ പുനരധിവാസം വരെയുള്ള ചർച്ചകൾക്ക് സമ്മേളനം വേദിയൊരുക്കും.

രോഗനിർണ്ണയ ചികിത്സാ നടപടികൾക്കായി ഹൃദയത്തിന്റെ ബാഹ്യ, ആന്തരിക ചിത്രീകരണം, കീറി മുറിക്കൽ ഇല്ലാത്ത ചികിത്സാ നടപടികൾ, വാൽവ് തകരാറുകൾ, രക്തകുഴലിലെ ബ്ലോക്കുകൾ നീക്കം ചെയ്യൽ, ഹൃദയമിടിപ്പിലെ തകരാറുകൾ വിലയിരുത്തുന്ന ഇലക്ട്രോഫിസിയോളജി തുടങ്ങി ഹൃദയസംബന്ധമായ ചികിത്സയിലെ നിരവധി ഗവേഷണ പുരോഗതികൾ സമ്മേളനം ചർച്ച ചെയ്യും.

# എട്ടാം ക്ലാസിൽ ഈ വർഷം സബ്ജക്ട് മിനിമം നടപ്പിലാക്കും

**തിരുവനന്തപുരം:** എട്ടാം ക്ലാസിൽ ഈ വർഷവും അടുത്ത വർഷം ഒമ്പതാം ക്ലാസിലും അതിന്റെ അടുത്ത വർഷം പത്താം ക്ലാസിലും സബ്ജക്ട് മിനിമം നടപ്പിലാക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

ദേശീയ അധ്യാപക ക്ഷേമ ഫൗണ്ടേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ശിക്ഷക്സദന്റെ നവീകരണംപൂർത്തീകരണത്തിന്റെയും പുതിയ ഹാളിന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സബ്ജക്ട് മിനിമം നടപ്പിലാക്കുന്നതിന് എല്ലാ അധ്യാപകരുടെയും പിന്തുണയും സഹായവും മന്ത്രി അഭ്യർഥിച്ചു. നമ്മുടെ കുട്ടികൾ ഒരു വിഷയത്തിലും മോശപ്പെടാൻ പാടില്ല. എല്ലാ വിഷയത്തിലും മിനിമം മാർക്ക് വാങ്ങേണ്ടതായിട്ടുണ്ട്. ഏതെങ്കിലും ഒരു കുട്ടിക്ക് ഏതെങ്കിലും വിഷയത്തിൽ മാർക്ക് കുറഞ്ഞാൽ രണ്ടാഴ്ചയ്ക്കകം വീണ്ടും പരീക്ഷയെഴുതാനാവും. ഓൾ പ്രമോഷനിൽ മാറ്റം വന്നാലേ മതിയാവൂ എന്നും മന്ത്രി പറഞ്ഞു.

ഭിന്നശേഷി കുട്ടികളുടെ അധ്യാപകർ അവരെ സ്വന്തം മക്കളെ പോലെ പരിചരിക്കുന്നവരാണ്. സർക്കാർ/എയ്ഡഡ് മേഖലയിലെ ഈ അധ്യാപകർക്ക് കൂടുതൽ ആനുകൂല്യം നൽകുന്നതും സ്കൂളുകളിൽ കൂടുതൽ ഉപകരണങ്ങൾ നൽകുന്നതും സർക്കാറിന്റെ സജീവ പരിഗണനയിലാണെന്ന് മന്ത്രി പറഞ്ഞു.

ഏകദേശം ഒന്നരക്കോടി രൂപ ചെലവഴിച്ചാണ് കണ്ണൂർ ശിക്ഷക് സദൻ നവീകരിച്ചത്. എയർ കണ്ടീഷൻ ചെയ്ത ഓഡിറ്റോറിയം, മിനി ഹാൾ, ഡൈനിംഗ് ഹാൾ, 14 ഡബ്ൾറൂം, ആറ് ഡോർമിറ്ററികൾ എന്നിവയാണ് സജ്ജീകരിച്ചത്. മൂന്ന് നിലകളിലായാണ് നിർമ്മാണം. ലിഫ്റ്റ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. അധ്യാപകർക്ക് മികച്ച സൗകര്യങ്ങൾ നൽകുന്നതിനുള്ള ശ്രമങ്ങൾ ഇനിയും ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

# ആട് വസന്ത രോഗ നിർമ്മാർജ്ജന യജ്ഞം ഇന്നു മുതൽ

**തിരുവനന്തപുരം:** ആടുകളെയും ചെമ്മരിയാടുകളെയും മാരകമായി ബാധിക്കുന്ന വൈറസ് രോഗബാധയായ ജജ്ഞ അഥവാ ആടു വസന്ത എന്ന രോഗത്തിനെതിരെ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ പ്രതിരോധ കുത്തിവെയ്പ്പിന്റെ ഒന്നാം ഘട്ടം ഇന്ന് ആരംഭിക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കുടപ്പനക്കുന്ന് കന്നുകാലി വളർത്തൽ ഫാമിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ചിഞ്ചുറാണി നിർവഹിക്കും. വട്ടിയൂർക്കാവ് എം എൽ എ അഡ്വ.വി കെ പ്രശാന്ത് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ഡി സുരേഷ് കുമാർ മുഖ്യ അതിഥിയാകും.നവംബർ 5 വരെ നടക്കുന്ന യജ്ഞത്തിലൂടെ 4 മാസത്തിനു മുകളിൽ പ്രായമുള്ള പതിമൂന്നര ലക്ഷത്തോളം ആടുകൾക്കും, 1500 ഓളം ചെമ്മരിയാടുകൾക്കും പ്രതിരോധ കുത്തിവയ്പ് നൽകാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. പ്രതിരോധ കുത്തിവെയ്പ്പ് യജ്ഞത്തിനായി സംസ്ഥാനമൊട്ടാകെ 1819 സ്ക്വാഡുകൾ സജ്ജീകരിച്ചിട്ടുണ്ടെന്നു ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രോജക്റ്റ് കോർഡിനേറ്റർ അറിയിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## പഴയ വസ്തുക്കൾ ലേലം ചെയ്യുന്നു

**കോഴിക്കോട്:** കേന്ദ്രസർക്കാർ സ്ഥാപനമായ കോഴിക്കോട് വെസ്റ്റ്ഹില്ലിലെ കവുങ്ങ്, സുഗന്ധവ്യഞ്ജന വികസന ഡയറക്ടറേറ്റ് ഓഫീസിലെ പഴയ വസ്തുക്കൾ പരസ്യ ലേലം നടത്തുന്നതിനായി മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചു. ലാപ്ടോപ്പ്, പ്രിന്റർ, കമ്പ്യൂട്ടർ, സ്പ്ലിറ്റ് എസി, ഫാക്സ് മെഷീൻ, ഫോട്ടോ കോപ്പിയർ, ഡിജിറ്റൽ കോപ്പിയർ, എയർകണ്ടീഷണർ, സ്റ്റീൽ ചെയർ, വുഡൻ ചെയർ, കമ്പ്യൂട്ടർ ചെയർ, ഇരുമ്പ് സോഫ, ക്ലോക്ക്, സൈക്കിൾ, ഫാനുകൾ ഉൾപ്പെടെയുള്ള വസ്തുക്കളാണ് ലേലം ചെയ്യുന്നത്.

ടെണ്ടറുകൾ ദി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട് ആൻഡ് സ്പൈസ്സ് ഡെവലപ്മെൻറ്, വെസ്റ്റ്ഹിൽ കോഴിക്കോട് 5 എന്ന വിലാസത്തിൽ ഒക്ടോബർ 28ന് വൈകിട്ട് മൂന്നു മണിക്ക് മുമ്പ് ലഭിക്കണം. ഒക്ടോബർ 29ന് വൈകീട്ട് 3 30ന് ടെണ്ടറുകൾ തുറക്കും. വസ്തുക്കൾ പരിശോധിക്കാനായി ഒക്ടോബർ 25 ന് മുമ്പുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയങ്ങളിൽ വരാവുന്നതാണ്. ഫോൺ: 04952369877.

## ഡാറ്റ എൻട്രി നീട്ടി

**കോഴിക്കോട്:** സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ഒബിസി, ഇബിസി വിഭാഗം വിദ്യാർത്ഥികൾക്ക് പിഎം യശസ്വി ഒബിസി, ഇബിസി പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ (202425) ഡാറ്റ എൻട്രി പൂർത്തിയാക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 31 വരെ നീട്ടി. വിദ്യാർത്ഥികളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾ സ്കൂൾ പ്രധാനധ്യാപകർ ഒക്ടോബർ 31 നകം ഡാറ്റ എൻട്രി പൂർത്തിയാക്കി ഇഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ലഭ്യമാക്കണം. വിവരങ്ങൾ www.egratnz.kerala.gov.in ൽ.

## വാടക ബസ് വേണം

**കോഴിക്കോട്:** തിരുവനന്തപുരം കാര്യവട്ടത്തെ എൽഎൻസിപിഇ ക്യാമ്പസിൽ ഒക്ടോബർ 28 മുതൽ 30 വരെ നടത്തുന്ന 'കളിക്കളം' കായികമേളയിൽ വിദ്യാർത്ഥികളെ കൊണ്ടുപോകാനും തിരികെ കൊണ്ടുവരാനും വാടകയ്ക്ക് ബസ് ആവശ്യമുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകളിലെ 41 അന്തേവാസികളെയും 5 ജീവനക്കാരെയും 27 ന് രാവിലെ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ നിന്നും കയറ്റി തിരുവനന്തപുരത്ത് എത്തിക്കുകയും, തുടർന്ന് പരിപാടികൾ പൂർത്തിയായശേഷം 30 ന് തിരുവനന്തപുരത്തു നിന്നും കുട്ടികളെയും ജീവനക്കാരെയും തിരികെ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ എത്തിക്കുകയുമാണ് വേണ്ടത്. ഇതിന് സർക്കാർ നിബന്ധനകൾ പാലിച്ചു കൊണ്ടുള്ള ബസ്സ് (46 പേർക്ക് യാത്ര ചെയ്യാൻ സൗകര്യമുള്ളത്) വാടകക്ക് ലഭ്യമാക്കുന്നതിന് വ്യക്തികൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ളതും മുദ്രവച്ചതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷൻ ഉറപ്പിച്ചു കഴിഞ്ഞാൽ വാഹന ഉടമ ഓഫീസിൽ നിന്നു ലഭിക്കുന്ന നിർദ്ദേശം അനുസരിച്ചു കോഴിക്കോടു നിന്നും തിരുവനന്തപുരത്തേയ്ക്കും അവിടെ നിന്നു തിരിച്ചും യാത്രക്കാരെ സുരക്ഷിതമായി എത്തിക്കണം. ആവശ്യമെങ്കിൽ കുട്ടികളെയും ജീവനക്കാരെയും എൽഎൻസിപിഇ സ്റ്റേഡിയത്തിൽ നിന്നും വൈകീട്ട് താമസ സ്ഥലത്തേക്കും രാവിലെ തിരികെ സ്റ്റേഡിയത്തിലേക്കും എത്തിക്കണം. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി ഒക്ടോബർ 23 ഉച്ച 2.30.

# അറക്കവാൾ സ്രാവ് സംരക്ഷണം: സിഎംഎഫ്ആർഐയിൽ വിദ്യാർത്ഥി സംഗമം

**കൊച്ചി:** അറക്കവാൾ സ്രാവ് (സോഫിഷ്) സംരക്ഷണത്തിൽ ശകത്മായ ബോധവൽകരണത്തിന്റെ പ്രാധാന്യം വിളിച്ചോതി വിദ്യാർത്ഥി സംഗമം. അന്താരാഷ്ട്ര സോഫിഷ് ദിനാചരണത്തിന്റെ ഭാഗമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലാണ് (സിഎംഎഫ്ആർഐ) സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ സംഗമം നടന്നത്. ആവാസകേന്ദ്രങ്ങളുടെ തകർച്ച, പ്ലാസ്റ്റിക് മാലിന്യം, കാലാവസ്ഥവ്യതിയാനം, മത്സ്യബന്ധനവലകളിൽ അകപ്പെടൽ തുടങ്ങിയവ അറക്കവാൾ സ്രാവുകളെ ദോഷകരമായി ബാധിക്കുന്നു. ഇതേ കുറിച്ച് മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്കിടയിലും പൊതുജനങ്ങൾക്കിടയിലും ശക്തമായ ബോധവൽകരണം ആവശ്യമാണ്. ഇവയുടെ ആവാസസ്ഥലത്ത് നീട്ടുവലകൾ (ഗിൽനെറ്റ്) ഉപയോഗിക്കുന്നത് ഒഴിവാക്കുകയോ നിയന്ത്രിക്കുകയോ വേണം. വലകളിൽ അപ്രതീക്ഷിതമായി കുടുങ്ങുന്നവയെ ജീവനോടെ തന്നെ കടലിൽ തുറന്നുവിടണം. തീരദേശ നിർമാണപ്രവർത്തനങ്ങളിൽ മികച്ച ശാസത്രീയ മാതൃകൾ സ്വീകരിക്കണമെന്നും സംഗമം നിർദേശിച്ചു.

ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്തു. കാലാവസ്ഥാവ്യിതിയാനം സമുദ്രആവാസവ്യവസ്ഥക്ക് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ വംശനാശഭീഷണി നേരിടുന്ന ഇത്തരം മത്സ്യയിനങ്ങളെ സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതിന് നിരന്തരമായ ബോധവൽകരണം വേണം. തീരദേശ സംരക്ഷണം, മാലിന്യ നിർമാർജ്ജനം തുടങ്ങിയവക്ക് വേണ്ടി വിദ്യാർത്ഥികൾ മുന്നിട്ടിറങ്ങണമെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. അറക്കവാൾ സ്രാവിനങ്ങളുടെ സംരക്ഷണത്തിൽ മത്സ്യത്തൊഴിലാളികൾ ബോധവാൻമാരാണ്. എങ്കിലും ഫലപ്രദമായ ബോധവൽകരണ കാംപയിനുകൾ ഇനിയും ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

അതിതീവ്ര വംശനാശഭീഷണി നേരിടുന്നവയാണ് അറക്കവാൾ സ്രാവിനങ്ങൾ. നിലവിൽ, ഇന്ത്യയിൽ പശ്ചിമബംഗാൾ തീരത്ത് മാത്രമാണ് ഇവയെ കാണപ്പെടുന്നത്.

മുന്നൂറോളം വിദ്യാർത്ഥികളാണ് സംഗമത്തിൽ പങ്കെടുത്തത്. കൃത്രിമമായി നിർമിച്ച അറക്കവാൾ സ്രാവിന്റെ മാതൃക ഉപയോഗിച്ച് സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ വിദ്യാർത്ഥികൾ ഇവയുടെ പ്രത്യേകതകൾ വിശദീകരിച്ചു.

തീരക്കടലുകളിലാണ് ഈ സ്രാവിനങ്ങളെ കൂടുതലായി കാണപ്പെടുന്നത്. അതിനാൽ മത്സ്യബന്ധനവലകളിൽ കുടുങ്ങാനുള്ള സാധ്യത കൂടുതലാണെന്ന് ഫിൻഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ ശോഭ ജോ കിഴക്കൂടൻ പറഞ്ഞു. സംരക്ഷണരീതികൾ, കൃത്രിമ പ്രജനനത്തിന്റെ സാധ്യത തുടങ്ങി നിരവധി ചോദ്യങ്ങൾ വിദ്യാർത്ഥികൾ ഉന്നയിച്ചു. ഡോ രമ്യ എൽ, ഡോ ലിവി വിൽസൻ എന്നിവർ സംസാരിച്ചു.

# അസിസ്റ്റീവ് ടെക്നോളജി കൂടുതൽ പ്രാപ്യമാക്കണം: ആർ ബിന്ദു

**തിരുവനന്തപുരം:** ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽ കൂടുതൽ ഉൾച്ചേരാനും, മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും അസിസ്റ്റീവ് ടെക്നോളജിയുടെ പ്രാപ്യത അനിവാര്യമാണെന്ന് മന്ത്രി ബിന്ദു അഭിപ്രായപ്പെട്ടു.

അസിസ്റ്റീവ് ടെക്നോളജി മേഖലയിലെ വാർഷിക കോൺഫറൻസായ എംപവർ 24 തിരുവനന്തപുരം നിഷ്ൽ ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. സാധാരണക്കാരന് താങ്ങാവുന്ന വിലയിൽ ഇത്തരം ഉപകരണങ്ങൾ ലഭ്യമാക്കാൻ ഗവേഷണങ്ങളും, പദ്ധതികളും കൊണ്ടുവരാൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ മുൻനിരയിലേക്കു എത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു. നിഷിന്റെ ഓൺലൈൻ മാഗസിനായ ഐറിസിന്റെ ആദ്യപതിപ്പിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു.

കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി പുനീത് കുമാർ, ഐ.ഐ.ടി ഡൽഹി പ്രൊഫ. എം. ബാലകൃഷ്ണൻ, നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ സുജ കുന്നത്ത്, വിദ്യാർത്ഥികൾ, വ്യവസായ വിദഗ്ധർ, സംരംഭകർ, എൻ ജി ഒ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

പ്രദർശനങ്ങൾ, ശിൽപ്പശാലകൾ, ചർച്ചകൾ എന്നിവ സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിക്കും. കേരളത്തിൽ ആദ്യമായാണ് എംപവർ സംഘടിപ്പിക്കുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ആൻഡ് ടെക്നോളജി ബാംഗ്ലൂർ, ഐ.ഐ.ടി ഡൽഹി, വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവരുടെ സഹകരണത്തോടെയാണ് നിഷ് എംപവർ 2024 സംഘടിപ്പിക്കുന്നത്.

വിദ്യാർത്ഥികൾക്കും യുവാക്കൾക്കും അസിസ്റ്റീവ് ടെക്നോളജിയെക്കുറിച്ച് പഠിക്കാനും ഈ മേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്താനും എംപവർ മികച്ച അവസരമാണ്. മൂന്നു ദിവസം നീണ്ടു നിൽക്കുന്ന എംപവർ 24 ശനിയാഴ്ച സമാപിക്കും.

# വിദഗ്ധ തൊഴിലാളികളെ സൃഷ്ടിക്കുന്നതിൽ കേരളം മാതൃകയെന്ന് മന്ത്രി ശിവൻകുട്ടി

**തിരുവനന്തപുരം:** വിദഗ്ധരായ തൊഴിലാളികളെ സൃഷ്ടിക്കുന്നതിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. കണ്ണൂർ ഗവ ഐടിഐ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച കെട്ടിടസമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കണ്ണൂർ ഗവ ഐടിഐയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), സോളാർ ടെക്നീഷ്യൻ, ത്രീഡി പ്രിന്റിങ് എന്നീ അതിനൂതന ട്രേഡുകൾ

അനുവദിക്കുമെന്ന് മന്ത്രി അറിയിച്ചു. ട്രേഡുകൾ അടുത്ത വർഷം പ്രവർത്തന സജ്ജമാക്കുമെന്നും മന്ത്രി അറിയിച്ചു.

നൈപുണ്യ പരിശീലന രംഗത്ത് സ്വദേശത്തും വിദേശത്തും മെച്ചപ്പെട്ട തൊഴിൽ കണ്ടെത്താൻ വിദഗ്ധ പരിശീലനമാണ് ഐ.ടി.ഐകൾ നൽകുന്നത്. വിദ്യാഭ്യാസആരോഗ്യസാമൂഹിക വികസന മേഖലകളിൽ കേരളം എന്നും മുൻനിരയിലാണ്. ഐടിഐകൾ ഈ വിജയത്തിലെ അവിഭാജ്യ ഘടകമാണെന്നും മന്ത്രി പറഞ്ഞു. പാർശ്വവത്കരിക്കപ്പെട്ട സമൂഹങ്ങൾ ഉൾപ്പെടെ എല്ലാവർക്കും സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിൽ സംസ്ഥാനം ശ്രദ്ധേയമായ വിജയം നേടിയിട്ടുണ്ട്. സംസ്ഥാനത്ത് സാങ്കേതിക മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് മുതൽ ഓട്ടോമൊബൈൽ മെക്കാനിക്സ് വരെയുള്ള പാരമ്പര്യേതര ട്രേഡുകളിൽ ഐടിഐകൾ സ്ത്രീകളെ പിന്തുണയ്ക്കുന്നുണ്ട്. ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ രംഗത്ത് സ്ത്രീകൾക്ക് തുല്യ അവസരങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുന്നതിനുമുള്ള ഒരു സുപ്രധാന ചുവടുവെപ്പാണിതെന്നും മന്ത്രി പറഞ്ഞു. കണ്ണൂർ ഗവ ഐടിഐയിൽ നിലവിലുള്ള ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് ട്രേഡിന് കേരള പി.എസ്.സിയുടെ അംഗീകാരം ലഭിക്കാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഉറപ്പുനൽകി.

ഇലക്ട്രിക്കൽ ഇൻസ്റ്റാലേഷൻ വിഭാഗത്തിൽ അവാർഡ് നേടിയ വിദ്യാർഥി അഭിനവിനെയും മെന്റർ എം.എം മനോജിനെയും മന്ത്രി വി. ശിവൻകുട്ടി ആദരിച്ചു.രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അധ്യക്ഷനായി.

ഐ.ടി.ഐ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കിഫ്ബി വഴി 13.81 കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ ഒന്നാം ഘട്ടമായി 4.1 കോടി രൂപ ചെലവിൽ കെയ്സിന്റെ മേൽനോട്ടത്തിലാണ് കെട്ടിടസമുച്ചയം നിർമ്മാണം പൂർത്തിയാക്കിയത്. രണ്ടാം ഘട്ടത്തിൽ ഭിന്നശേഷി സൗഹൃദത്തിന്റെ ഭാഗമായി ലിഫ്റ്റ് സംവിധാനം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, അതിനൂതന ട്രേഡുകൾക്ക് അനുയോജ്യമായ ക്ലാസ്റൂമുകൾ, വർക്ക് ഷോപ്പുകൾ, മാലിന്യനിമാർജ്ജന സംവിധാനങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.കെ.എ.എസ്.ഇ പ്രൊജക്ട് മാനേജർ എസ്.ശിവദത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഓഫ് ട്രെയിനിങ് ആൻഡ് സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർ സൂഫിയാൻ അഹമ്മദ്, കണ്ണൂർ റീജ്യനൽ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ പി വാസുദേവൻ, ട്രെയിനിങ് ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ എ. ഷമ്മി ബക്കർ, കെ.ഐ.ഐ.ഡി.സി ഡെപ്യൂട്ടി ജനറൽ മാനേജർ എൻ.ടി ഗംഗാധരൻ, വ്യവസായ പരിശീലന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആർ സുരേഷ് കുമാർ, വ്യവസായ പരിശീലന വകുപ്പ് കോഴിക്കോട് മേഖല ട്രെയിനിങ് ഇൻസ്പെക്ടർ എസ്.വി അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേപ്പിന്റെ ആഭിമുഖ്യത്തിൽ നാല് നേഴ്സിങ് കോളേജുകൾ കൂടി ഉടൻ സ്ഥാപിക്കും മന്ത്രി വി എൻ വാസവൻ

**ആലപ്പുഴ:** സംസ്ഥാന സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്) ആഭിമുഖ്യത്തിൽ നാല് നഴ്സിംഗ് കോളേജുകൾ കൂടി ഉടൻ ആരംഭിക്കുമെന്ന് തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു.

കേപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ആദ്യത്തെ നഴ്സിംഗ് കോളേജ് ആലപ്പുഴ കേപ്പ് കോളേജ് ഓഫ് നഴ്സിംഗ് പുന്നപ്ര അക്ഷരനഗരി ക്യാമ്പസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. 9 എൻജിനീയറിങ് കോളേജുകളും രണ്ട് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടുകളും സാഗര സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയും സ്കിൽ ആൻഡ് നോളജ് ഡെവലപ്മെന്റ് സെന്ററും നടത്തുന്ന കേപ്പിന്റെ പുതിയ കാൽവെപ്പാണ് കോളേജ് ഓഫ് നേഴ്സിങ് ആലപ്പുഴ എന്ന് അദ്ദേഹം പറഞ്ഞു. പത്തനംതിട്ടയിലെ പത്തനാപുരം, ആറന്മുള, വടക്കാഞ്ചേരി,കിടങ്ങൂർ എന്നിവിടങ്ങളിലാണ് നഴ്സിംഗ് കോളേജുകൾ ഉടനെ ആരംഭിക്കുക. ആലപ്പുഴയിൽ എൻജിനീയറിങ് കോളേജിന്റെ ഭാഗമായി ഉണ്ടായിരുന്ന കെട്ടിടം നഴ്സിംഗ് കൗൺസിലിന്റെ പുനർനിർണയ പ്രകാരം മാറ്റിയെടുക്കുകയും ലാബ്, ഫർണിച്ചർ ,ലൈബ്രറി തുടങ്ങിയവ പുതുതായി ഏർപ്പെടുത്തുകയും ചെയ്തു.

നഴ്സിംഗ് കോളേജിനായി മൂന്നര ഏക്കർ ഭൂമി , ഹോസ്റ്റൽ സൗകര്യം എന്നിവയും ഏർപ്പെടുത്തി. പുതിയ ബി എസ് സി നഴ്സിംഗ് ബാച്ചിൽ 50 വിദ്യാർഥികളെ പ്രവേശിപ്പിക്കാനുള്ള സംവിധാനം ഇവിടെയുണ്ട്.എച്ച് സലാം എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേപ്പിന്റെ ആദ്യ നഴ്സിംഗ് കോളേജ് അമ്പലപ്പുഴയിൽ തുടങ്ങണമെന്ന ആവശ്യം അംഗീകരിച്ച മന്ത്രിയെ എംഎൽഎ അഭിനന്ദിച്ചു.

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ. ഷീബ രാകേഷ്,പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജിത സതീശൻ,ജില്ലാ പഞ്ചായത്ത് അംഗം ഗീതാ ബാബു ,ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ് എ പി സരിത,വാർഡ് മെമ്പർമാരായ സാജൻ എബ്രഹാം, സുരേഷ് ബാബു, കേപ്പ് ഡയറക്ടർ ഡോ. വി ഐ താജുദ്ദീൻ അഹമ്മദ്,ജോയിന്റ് ഡയറക്ടർ ഡോ. എസ് ജയകുമാർ,നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ. റൂബി ജോൺ,എം എസ് അജിത് പ്രസാദ്,ഡോ എൻ അരുൺ,ഡോ. റൂബിൻ വി വർഗീസ്,ഡോ. ഇന്ദുലേഖ, സി.പി.എം പ്രതിനിധി എ ഓമനക്കുട്ടൻ തുടങ്ങിയവർ സംസാരിച്ചു.



ഭവൻസ് അഖിലേന്ത്യ സ്കൂൾ അധ്യാപക സമ്മേളനം പ്രൊഫസർ ഡോ. രാമാനുജം മേഘനാഥൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. സി എ വേണുഗോപാൽ സി ഗോവിന്ദ് , ഇ.രാമൻകുട്ടി ,സുരേഷ് . കെ, ജയ ജേക്കബ്, കല്യാണി എൻ പി എന്നിവർ സമീപം

# ഭവൻസ് സ്ക്കൂൾ അധ്യാപകസമ്മേളനം ദിശയ്ക്ക് തുടക്കമായി

**കൊച്ചി:** നൂതനാശയങ്ങൾ പര്യവേക്ഷണം ചെയ്ത്കൊണ്ട് വിദ്യാഭ്യാസമേഖലയിൽ കാലാനുസൃതവും ക്രിയാത്മകവുമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഭവൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്ററും ബാംഗ്ലൂർ അസിം പ്രേംജി സർവകലാശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന 'ദിശ' അഖിലേന്ത്യാ ഭവൻസ് സ്കൂൾ അധ്യാപക സമ്മേളനം കാക്കനാട് ഭവൻസ് ആദർശ വിദ്യാലയത്തിൽ ആരംഭിച്ചു. മൂന്നു ദിവസം നീണ്ടു നിൽക്കുന്ന സമ്മേളനം ഡൽഹി എൻ സി ഇ ആർ ടി ഭാഷാപഠനവിഭാഗം പ്രൊഫസർ ഡോ. രാമാനുജം മേഘനാഥൻ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 17 ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ സി എ വേണുഗോപാൽ സി. ഗോവിന്ദ് അധ്യക്ഷത നിർവഹിച്ചു. കൊച്ചി കേന്ദ്ര ഡയറക്ടർ ഇ. രാമൻകുട്ടി ആമുഖപ്രസംഗം നടത്തി.

ഭവൻസ് ശിക്ഷൺ ഭാരതി മുംബൈ ജോയിന്റ് ഡയറക്ടർ പോളി മേനാച്ചേരി സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. .ഭവൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ കോഡിനേറ്റർ ജയജേക്കബ്, ഭവൻസ് ആദർശ വിദ്യാലയ പ്രിൻസിപ്പൽ കല്യാണി എൻ.പി എന്നിവർ സംസാരിച്ചു.

ഇന്ത്യയിലെ വിവിധ ഭവൻസ് സ്കൂളുകളിൽ നിന്നുള്ള നൂറ്റിയറുപതോളം അധ്യാപകർ പങ്കെടുക്കുന്ന പരിപാടിയിൽ നൂതനവിദ്യാഭ്യാസചിന്തകളും പദ്ധതികളും ചർച്ച ചെയ്യപ്പെടും.

അധ്യാപകരുടെ കർമ്മമേഖലയെ പുഷ്ടിപ്പെടുത്തുക എന്ന ലക്ഷ്യത്തിലേക്കുള്ള പുതിയൊരു ചുവടുവയ്പ്പാണ് സമ്മേളനം ലക്ഷ്യമിടുന്നത്.



# കുട്ടികളിലെ വൈകല്യങ്ങൾ നേരത്തെ തിരിച്ചറിയുന്നതിന് അങ്കണവാടി അധ്യാപകർക്ക് പരിശീലനം നൽകി പ്രയത്ന

കൊച്ചി: കുട്ടികളിലെ ശാരീരിക ഭിന്നശേഷിയും വെല്ലുവിളികളും നേരത്തെ തിരിച്ചറിയുന്നതിന് കൊച്ചിയിലെ അങ്കണവാടി അധ്യാപകർക്കായി പ്രത്യേക പരിശീലനപരിപാടി സംഘടിപ്പിച്ച് പ്രമുഖ മൾട്ടിഡിസിപ്ലിനറി ഒക്യുപേഷണൽ തെറാപ്പി കേന്ദ്രമായ പ്രയത്ന. ഒക്യുപേഷണൽ തെറാപ്പി മാസാചരണത്തോടനുബന്ധിച്ച് നടത്തിയ പരിപാടിയിൽ 101 അധ്യാപകർക്കാണ് പരിശീലനം നൽകിയത്. കൊച്ചി അർബൻ 3 ഐ.സി.ഡി.എസ് പ്രോജക്ടിന്റെ ഭാഗമായി നടത്തിയ ക്ലാസുകൾ മരടിലെ പ്രിയദർശിനി മുൻസിപ്പാലിറ്റി ഹാളിലാണ് സംഘടിപ്പിച്ചത്. കുട്ടികളിലെ വളർച്ചാ സംബന്ധമായ പ്രശ്നങ്ങൾ ചെറുപ്പത്തിലേ കണ്ടെത്തുന്നതിനുള്ള പ്രായോഗിക വഴികളായിരുന്നു പ്രധാന വിഷയം.

കുട്ടികൾക്കും മുതിർന്നവർക്കും തെറാപ്പി സേവനങ്ങൾ നൽകിവരുന്ന പ്രയത്നയിലെ വിദഗ്ധരാണ് ക്ളാസുകൾ നയിച്ചത്. ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളായ അനഘ പിഷാരടി, ബിയോണ റേച്ചൽ എന്നിവരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്.

കുട്ടികളുടെ ജീവിതത്തിൽ വളരെ നേരത്തെ സ്വാധീനം ചെലുത്തുന്ന അധ്യാപകരെന്ന നിലയിൽ അങ്കണവാടി അധ്യാപകർക്ക് വളർച്ചാ സംബന്ധമായ വൈകല്യങ്ങളുടെ ലക്ഷണങ്ങൾ വളരെ നേരത്തെ നിരീക്ഷിക്കാനും തിരിച്ചറിയാനും കഴിയും. എത്രയും നേരത്തെ ചികിത്സ തുടങ്ങുന്നതിനും മികച്ച ഫലപ്രാപ്തി കൈവരിക്കുന്നതിനും ഈ നിരീക്ഷണം നിർണായകമായേക്കാം. കൃത്യമായ ചികിത്സ കൃത്യസമയത്ത് തുടങ്ങുന്നതിലൂടെ കുട്ടികളുടെ ജീവിതനിലവാരം ഏറെ മെച്ചപ്പെടുത്താനാകും.



# ജൻഡർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കി എറണാകുളം ഗവൺമെന്റ് ഗേൾസ് എൽ പി സ്കൂൾ

**കൊച്ചി :** എറണാകുളം ഗവ ഗേൾസ് എൽ പി സ്കൂളിൽ ആഴ്ചയിലൊരു ദിവസം വിദ്യാർത്ഥികൾക്കായി ജന്റർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കി . ബുധനാഴ്ച ദിവസങ്ങളിൽ ധരിക്കുന്നതിനായി സ്കൂൾ പിടിഎ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോമുകൾ വിതരണം ചെയ്തു . ജന്റർ ന്യൂട്രൽ യൂണിഫോം പദ്ധതി ഉദ്ഘാടനം കൊച്ചി നഗരസഭ വികസന കാര്യ സ്ഥിരം സമിതി ചെയർമാൻ പി ആർ റെനീഷ് ഉദ്ഘാടനം ചെയ്തു . പി ടി എ പ്രസിഡന്റ് സിജു പി എൻ അധ്യക്ഷനായിരുന്ന ചടങ്ങിൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ മിനി റാം , ഗേൾസ് ഹൈസ്കൂൾ പ്രധാനാധ്യാപിക ഡയാന സി എ , ഗേൾസ് യു പി സ്കൂൾ ഹെഡ്മിസ്ട്രസ്സ് ആശ ടി , ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ പി ടി എ പ്രസിഡണ്ട് ഡോ സുമി ജോയി ഓലിയപ്പുറം , ഗേൾസ് യു പി സ്കൂൾ എസ് എം സി ചെയർപേഴ്സൻ ഐഷു വിജയൻ , പി ടി എ വൈസ് പ്രസിഡന്റ് സന്ദീപ് ഡി , എം പി ടി എ പ്രസിഡന്റ് സി എസ് സുജ ,വൈസ് പ്രസിഡന്റ് സൈറാബി ടി എസ് , എസ് എം സി വൈസ് ചെയർപേഴ്സൻ അശ്വനി അരവിന്ദ്,സീനിയർ ടീച്ചർ സുധീർ എൻ ആർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അൻപോടു കണ്മണി

അർജുൻ അശോകൻ അനഘ നാരായണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിലിജു തോമസ് സംവിധാനം ചെയ്യുന്ന അൻപോട് കൺമണി എന്ന ചിത്രത്തിന്റെ ടീസർ റിലീസായി.പറശ്ശിനിക്കടവ് ക്ഷേത്രത്തിൽ വച്ച് പറശ്ശിനിക്കടവ് ശ്രീ മുത്തപ്പനാണ് 'അൻപോടു കൺമണി' യുടെ ടീസർ പ്രകാശനം ചെയ്തത്. പറശ്ശിനിക്കടവിന്റെ വൈവിധ്യത്തെയും തത്വത്തെയും ഉൾകൊണ്ട് ഏകത്വത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി ടീസർ ലോഞ്ച് മാറി. സാമൂഹിക ഘടനകളിലും ദീർഘകാല പാരമ്പര്യങ്ങളിലും ജീവിതം വഴിമുട്ടുന്ന രണ്ടു വ്യക്തികളുടെ പ്രശ്നങ്ങൾ നർമ്മത്തിൽ ചാലിച്ച് രസകരമായി അവതരിപ്പിക്കുകയാണ്  ഈ ടീസർ.ക്രിയേറ്റീവ് ഫിഷിന്റെ ബാനറിൽ വിപിൻ പവിത്രൻ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അൽത്താഫ് സലിം, മാലാ പാർവതി,ഉണ്ണി രാജ,നവാസ് വള്ളിക്കുന്ന്, മൃദുൽ നായർ,ഭഗത് മാനുവൽ, ജോണി ആന്റണി തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു.സരിൻ രവീന്ദ്രൻ ഛായാഗ്രഹണം നിർവഹിക്കുന്നു.അനീഷ് കൊടുവള്ളി തിരക്കഥ സംഭാഷണമെഴുതുന്നു.മനു മഞ്ജിത്തിന്റെ വരികൾക്ക് സാമുവൽ എബി സംഗീതം പകരുന്നു.എഡിറ്റിംഗ് സുനിൽ എസ് പിള്ള.മലയാള സിനിമ ചരിത്രത്തിൽ തന്നെ വേറിട്ടൊരു അനുഭവമായി ഷൂട്ടിങ്ങിനായി നിർമ്മിച്ച വീട് താമസയോഗ്യമാക്കി അർഹതപ്പെട്ടവർക്ക് കൈമാറി അണിയറപ്രവർത്തകർ മാധ്യമശ്രദ്ധ നേടിയിരുന്നു. ചീഫ് അസോസിയേറ്റ് ഡയറക്ടർപ്രദീപ് പ്രഭാകർ, പ്രിജിൻ ജെസ്സിയ,പ്രൊഡക്ഷൻ കൺട്രോളർ ജിതേഷ് അഞ്ചുമന,മേക്കപ്പ് നരസിംഹ സ്വാമി, വസ്ത്രാലങ്കാരം ലിജി പ്രേമൻ,ക്രിയേറ്റീവ് പ്രൊഡ്യൂസർചിന്റു കാർത്തികേയൻ കലബാബു പിള്ള, കളറിസ്റ്റ്ലിജു പ്രഭാകർ,ശബ്ദ രൂപകല്പനകിഷൻ മോഹൻ,ഫൈനൽ മിക്സ് ഹരിനാരായണൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർസനൂപ് ദിനേശ്, സ്റ്റിൽസ്ബിജിത്ത് ധർമ്മടം, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്ത്സ്, മാർക്കറ്റിംഗ് ആന്റ് കമ്യൂണിക്കേഷൻ ഡോക്ടർ സംഗീത ജനചന്ദ്രൻ(സ്റ്റോറീസ് സോഷ്യൽ). പ്രൊഡക്ഷൻ മാനേജർ ജോബി ജോൺ,കല്ലാർ അനിൽ.'അൻപോടു കൺമണി"നവംബറിൽ പ്രദർശനത്തിനെത്തുന്നു.പി ആർ ഒഎ എസ് ദിനേശ്.



## ഒരു വടക്കൻ തേരോട്ടത്തിൽ മക്കൾ സംഗമം

സംഗീത സംവിധായകരായ ബേണി ഇഗ്നേഷ്യസിലെ ബേണിയുടെ മകൻ ടാൻസനും തെന്നിന്ത്യയിലെ പ്രശസ്ത പിന്നണി ഗായകൻ പി. ഉണ്ണികൃഷ്ണന്റെ മകൻ വസുദേവ് കൃഷ്ണയും ആദ്യമായി സംഗീത രംഗത്ത് അവരവരുടെ മേഖലയിൽ അരങ്ങേറ്റം കുറിക്കുന്നു.നിത്യഹരിത നായകൻ എന്ന ചിത്രത്തിന് ശേഷം ധ്യാൻ ശ്രീനിവാസനെ നായകനാക്കി ബിനുൻരാജ്  സംവിധാനം ചെയ്യുന്ന ഒരു വടക്കൻ തേരോട്ടം എന്ന ചിത്രത്തിന് വേണ്ടിയാണ് രണ്ടു പേരുടെ പുതു തലമുറ ഒന്നിക്കുന്നത്. കൈതപ്രം ദാമോദരൻ നമ്പൂതിരി എഴുതിയ വരികൾക്ക് ബേണിയും മകൻ ടാൻസനും ചേർന്ന് സംഗീതം പകർന്ന ഗാനം,ഗായകനായ പി ഉണ്ണികൃഷ്ണന്റെ മകൻ വസുദേവ് കൃഷ്ണ ആലപിച്ച ഗാനം എറണാകുളം മൈ സ്റ്റുഡിയോയിൽ റിക്കോർഡ് ചെയ്തു.തൊട്ടു മുമ്പ് ഒരു വടക്കൻ തേരോട്ടം എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്ററും റിലീസ് ചെയ്തു.ഗ്രാമീണ പശ്ചാത്തലത്തിൽ ഒരുങ്ങുന്ന ചിത്രത്തിൽ ബിടെക് ബിരുദത്തിനു ശേഷം ഓട്ടോറിക്ഷ ഡ്രൈവറായി മാറിയ നന്ദൻ നാരായണൻ എന്ന കേന്ദ്ര കഥാപാത്രത്തെ ആണ്  ധ്യാൻ ശ്രീനിവാസൻ അവതരിപ്പിക്കുന്നത്. ധ്യാനിനെ കൂടാതെ ആനന്ദ്, രാജ് കപൂർ എന്നിവരും ചിത്രത്തിന്റെ ഭാഗമാകുന്നു.  നായികയായി ദിൽന രാമകൃഷ്ണനോടൊപ്പം മാളവിക മേനോനും എത്തുന്നു.

കൂടാതെ, സുധീർ പറവൂർ, ധർമജൻ ബോൾഗാട്ടി, വിജയകുമാർ, സലിം ഹസൻ, ദിലീപ് മേനോൻ, കോഴിക്കോട് നാരായണൻ നായർ, രാജേഷ് കേശവ് , ജിബിൻ, ദിനേശ് പണിക്കർ, സോഹൻ സീനുലാൽ, കിരൺ കുമാർ, ബോസ് സോപാനം, കലേഷ്, ജയ് വിഷ്ണു, ജെയിൻ,മൻസു മാധവ,അരുൺ പുനലൂർ, കല സുബ്രഹ്മണ്യം, അംബിക മോഹൻ, പ്രിയ ശ്രീജിത്ത്, ഗീതു നായർ, സബിത, കൃഷ്ണവേണി, അർച്ചന, വിദ്യ,അനില ,തനുദേവി എന്നിവർക്കൊപ്പം മറ്റു നിരവധി പുതുമുഖങ്ങളും അഭിനയിക്കുന്നു.ഓപ്പൺ ആർട്ട് ക്രിയേഷൻസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ , സംഭാഷണം നവാഗതനായ സനു അശോക് എഴുതുന്നു. പവി കെ പവൻ ഛായാഗ്രഹണം നിർവ്വഹിക്കുന്നു.കോ പ്രൊഡ്യൂസേഴ്സ് സുര്യ എസ് സുബാഷ്,ജോബിൻ വർഗ്ഗീസ്,എക്സിക്യുട്ടീവ് പ്രൊഡ്യൂസേഴ്സ്സനൂപ് എസ്,സുനിൽ നായർ,ദിനേശ് കുമാർ,സുരേഷ് കുമാർ,ബാബുലാൽ,പ്രൊജക്ട് ഹെഡ് മോഹൻ ( അമൃത )എഡിറ്റിങ്ങ്ജിതിൻ ഡി കെ,കലാ സംവിധാനം ബോബൻ ഗാന രചനകൈതപ്രം ദാമോദരൻ നമ്പൂതിരി, ഹസീന എസ് കാനം ഗായകർഹരിശങ്കർവസുദേവ് കൃഷ്ണ,നിത്യാ മാമൻ,ശ്രീജ ദിനേശ്,ബാക്ക് ഗ്രൗണ്ട് സ്കോർനവനീത് സൗണ്ട് ഡിസൈൻ സിനോയ് ജോസഫ്പ്രൊഡക്ഷൻ കൺട്രോളർഎസ്സാ കെ എസ്തപ്പാൻ,കളറിസ്റ്റ്സിപി രമേശ്മേക്കപ്പ്സിനൂപ് രാജ്കോസ്റ്റ്യൂംസ്സൂര്യ ശേഖർ,സ്റ്റിൽസ്ഷുക്കു പുളിപ്പറമ്പിൽഡിസൈനർഅമൽ രാജു,സ്റ്റുഡിയോഏരീസ് വിസ്മയാസ് മാക്സ്,സൗണ്ട് റെക്കോർഡിസ്റ്റ് ഫ്രാൻസിസ് സി ഡേവിഡ്, ചീഫ് അസോസിയേറ്റ് ഡയരക്ടർ വിഷ്ണു ചന്ദ്രൻ,വിതരണംഡ്രീം ബിഗ് ഫിലിംസ്,പി ആർ ഒഎ എസ് ദിനേശ്.

## സന്തോഷ് ട്രോഫിയുമായി പൃഥ്വിരാജ്

ഗുരുവായൂരമ്പല നടയിൽ എന്ന ചിത്രത്തിന്റെ സൂപ്പർ ഹിറ്റ് ചിത്രത്തിനു ശേഷം സംവിധായകൻ വിപിൻ ദാസ് ,പൃഥ്വിരാജ് സുകുമാരൻ എന്നിവർ വീണ്ടും ഒന്നിക്കുന്നു .'സന്തോഷ് ട്രോഫി' എന്ന് പേരിട്ടിരിക്കുന്ന ഈ ചിത്രം മാജിക് ഫ്രെയിംസിന്റ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫനും പൃഥ്വിരാജ് പ്രൊഡക്ഷൻസിന്റെ ബാനറിൽ സുപ്രിയ മേനോനും ചേർന്ന് നിർമാണം ചെയ്യുന്നു.







## ഓശാന

ധ്യാൻ ശ്രീനിവാസൻ, അൽത്താഫ് സലിം,പുതുമുഖം ബാലാജി ജയരാജൻ,വർഷ വിശ്വനാഥ്,ഗൗരി ഗോപൻ തുടങ്ങിയവരെ പ്രധാന കഥാപാത്രങ്ങളാക്കി എൻ.വി. മനോജ് സംവിധാനം ചെയ്യുന്ന ഓശാന എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.എം.ജെ.എൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ മാർട്ടിൻ ജോസഫ് നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ബോബൻ സാമുവൽ, സ്മിനു സിജോ, സാബുമോൻ അബ്ദുസ്സമദ്, നിഴലുകൾ രവി, അഞ്ജയ വി വി, ഷാജി മാവേലിക്കര, സബീറ്റ ജോർജ്, ചിത്ര നായർ, കൃഷ്ണ സജിത്ത്, ശ്രുതി, ലക്ഷ്മി, ആദിത്യൻ, ജാൻവി തുടങ്ങിയവരും അഭിനയിക്കുന്നു.കഥ തിരക്കഥ സംഭാഷണം ജിതിൻ ജോസ് എഴുതുന്നു.ബി കെ ഹരിനാരായണൻ, വിനായക് ശശികുമാർ,ജിസ് ജോയി,ഷോബിൻ കണ്ണങ്കാട്ട്,കാൽവിൻ വർഗീസ് എന്നിവരുടെ വരികൾക്ക് മെജോ ജോസഫ് സംഗീതം പകരുന്നു.

ഓരോ കാലഘട്ടത്തിലും പ്രണയം എങ്ങനെ വ്യത്യാസപ്പെടുന്നു, അത് എത്രത്തോളം ഒരു വ്യക്തിയുടെ വികാരങ്ങളെയും ജീവിതനിലപാടുകളെയും സ്വാധീനിക്കുന്നു എന്ന് മനോഹരമായി ഈ ടീസറിൽ അവതരിപ്പിക്കുന്നുണ്ട്.

മെൽബിൻ കുരിശിങ്കൽ ഛായാഗ്രഹണം നിർവഹിക്കുന്നു. എഡിറ്റിംഗ്സന്ദീപ് നന്ദകുമാർ.പ്രോജക്ട് ഡിസൈനർഅനുകുട്ടൻ,പ്രൊഡക്ഷൻ കൺട്രോളർ കമലാക്ഷൻ പയ്യന്നൂർ,കലബനിത്ത് ബത്തേരി,മേക്കപ്പ്ജിത്തു പയ്യന്നൂർ, വസ്ത്രാലങ്കാരംദിവ്യ ജോബി,ചീഫ് അസോസിയേറ്റ് ഡയറക്ടർശ്രീകുമാർ വളംകുളം,സ്റ്റിൽസ്സന്തോഷ് പട്ടാമ്പി, പബ്ലിസിറ്റി ഡിസൈൻഷിബിൻ സി. ബാബു,കളറിസ്റ്റ്അലക്സ് വി.വർഗീസ്,മാർക്കറ്റിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ ഡോക്ടർസംഗീത ജനചന്ദ്രൻ(സ്റ്റോറീസ് സോഷ്യൽ)ഒരു വ്യക്തിയുടെ ജീവിതത്തിൽ പല കാലഘട്ടങ്ങളിലൂടെ സഞ്ചരിക്കുന്ന വികാരങ്ങളുടെയും ബന്ധങ്ങളുടെയും സങ്കീർണ്ണതകൾ അവതരിപ്പിക്കുന്ന സംഗീതസാന്ദ്രമായ പ്രണയകഥ ദൃശ്യവൽക്കരിക്കുന്ന' ഓശാന ' നവംബർ ആദ്യം പ്രദർശനത്തിനെത്തും.പി ആർ ഒഎ എസ് ദിനേശ്.




ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) യുടെ 39 മത് ദേശീയ സമ്മേളനത്തിന് ഡോ.ഇ ശ്രീധരൻ തിരി തെളിക്കുന്നു. ടി.സി പ്രശാന്ത്, വേലായുധൻ നായർ, വി ബി സിംഗ്, ഡോ. അനിൽ ജോസഫ്, ടി.ജി സീതാറാം, ഡോ. ജി രംഗനാഥ്, സഞ്ജയ് പന്ത്, കെ എസ് ബാബു, ഇ.എ അബ്ദു എന്നിവർ സമീപം.

# രാജ്യത്ത് എഞ്ചിനിയറിങ് ബിൽ അനിവാര്യമെന്ന് ഡോ.ഇ ശ്രീധരൻ

**കൊച്ചി:** രാജ്യത്ത് എഞ്ചിനീയറിങ് ബിൽ അനിവാര്യമാണെന്ന് മെട്രോമാൻ ഡോ.ഇ ശ്രീധരൻ. സ്ട്രക്ച്ചറൽ എഞ്ചിനീയർ, സിവിൽ എഞ്ചിനീയർ എന്നിവർക്ക് അക്രഡിറ്റേഷൻ നിർബന്ധമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് (ഇന്ത്യ) യുടെ 39 മത് ദേശീയ സമ്മേളനത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. സി എ , ഡോക്ടർ, അഭിഭാഷകർ തുടങ്ങിയ വിഭാഗങ്ങളെ നിയന്ത്രിക്കാൻ സ്റ്റാറ്റ്യൂട്ടറി ബോഡി ഉള്ളത് പോലെ എഞ്ചിനീയറിംഗ് മേഖലയിൽ ഇത്തരമൊരു സംവിധാനം വേണം. എഞ്ചിനീയറിംഗ് മേഖലയുടെ നിലവാരം സംരക്ഷിക്കാൻ ഇത് അനിവാര്യമാണ്. മോഡി സർക്കാരിന് കീഴിൽ രാജ്യം ഏറെ പുരോഗതി കൈവരിച്ചുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. വലിയ തോതിലാണ് അടിസ്ഥാന സൗകര്യ വികസനം രാജ്യത്ത് നടക്കുന്നത്. ദേശീയ പാത അഥോറിട്ടിയെ നയിക്കാൻ എന്ത് കൊണ്ടാണ് ഒരു സിവിൽ എഞ്ചിനീയറെ നിയമിക്കാത്തതെന്നും ശ്രീധരൻ ചോദിച്ചു.

കേരളത്തിലെ സാങ്കേതിക പദവികളിൽ മുഴുവൻ സിവിൽ എഞ്ചിനീയറിംഗിന് പുറത്ത് നിന്നുള്ളവരാണ്. ജൂനിയർ ഐ എ എസ് ഓഫീസർമാർക്ക് കീഴിൽ മുപ്പത് വർഷത്തിലേറെ സർവീസുള്ള സിവിൽ എഞ്ചിനീയർമാർ ജോലി ചെയ്യേണ്ട അവസ്ഥയാണ്. പ്ലാനിങ്ങിലടക്കം സ്വതന്ത്രമായി അഭിപ്രായം പറയാൻ കഴിയുന്നില്ല. പാലാരിവട്ടം പാലം നിർമാണത്തിലടക്കം ഇത് വ്യക്തമാണ്. രൂപകൽപ്പനയിലെ അപാകതയാണ് പാലാരിവട്ടം പാലം തകരാൻ കാരണമെന്ന് ശ്രീധരൻ ആവർത്തിച്ചു.

പുതിയ സാങ്കേതിക വിദ്യകൾക്കായി നിരന്തരം ഗവേഷണങ്ങൾ നടത്തണമെന്ന് കേന്ദ്രമന്ത്രി നിഥിൻ ഗഡ്ഗരി പറഞ്ഞു. ഓൺലൈനായി സമ്മേളനത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നവീന സാങ്കേതിക വിദ്യകളിലൂടെ നിർമാണ മേഖലയിൽ വൻ പുരോഗതി ഉണ്ടാക്കാൻ സാധിച്ചെന്നും ഗഡ്ഗരി പറഞ്ഞു.

നിർമാണ മേഖലയിൽ പുതിയ കണ്ടു പിടുത്തങ്ങളിലൂടെ ചെലവ് കുറയ്ക്കാൻ സാധിച്ചു. . ഗതാഗത രംഗത്തും വലിയ മാറ്റങ്ങളുണ്ടായി. ഇന്ധനങ്ങളിൽ നിന്നും മാറി സിഎൻജി വാഹനങ്ങൾ ധാരാളമായി നിരത്തിലിറങ്ങുന്നു. ഇതിലൂടെ പണം ലാഭിക്കാനും വായൂ മലിനീകരണം ഇല്ലാതാക്കാനും സാധിച്ചു.

നല്ല രൂപരേഖയും ഗുണനിലവാരവുമാണ് മികച്ച നിർമാണ പ്രവർത്തനങ്ങൾക്ക് ആവശ്യം. മുതൽക്കൂട്ടാകുന്നത്. റെയിൽവെ, റോഡ് എന്നു വേണ്ട എല്ലാ നിർമാണ മേഖലകളിലും ചർച്ചകളിലൂടെ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. മേക്ക് ഇൻ. ഇന്ത്യ പദ്ധതികൾ ലോകമാകെ അംഗീകരിച്ചു കഴിഞ്ഞു. രാജ്യം ഇന്ന് ലോകത്തെ മൂന്നാം സാമ്പത്തിക ശക്തിയായി മുന്നേറുന്നുണ്ട്. സിവിൽ എഞ്ചിനീയർമാർക്ക് ഇതിലേക്കായി നല്ലൊരു പങ്ക് വഹിക്കാനാകും. സിവിൽ എഞ്ചിനീയർമാർ രാജ്യത്തെ പുന സൃഷ്ടിക്കുന്നവരാണെന്നും അദ്ദേഹം പറഞ്ഞു.

ഐ ഇ പ്രസിഡന്റ് ഐഎ സി വി ഡി ബി ചെയർമാൻ ഡോ. അനിൽ ജോസഫ് അധ്യക്ഷത വഹിച്ചു. എ ഐ സി ടി ഇ ചെയർമാൻ പ്രൊഫ. ഡോ .ടി.ജി സീതാറാം മുഖ്യാതിഥിയായിരുന്നു. കൊച്ചി ലോക്കൽ സെന്റർ ചെയർമാൻ ജി.വേലായുധൻ നായർ, ദേശീയ കൺവൻഷൻ കൺവീനർ കെ.എസ് ബാബു, ഐ ഇ നിയുക്ത പ്രസിഡന്റ് വി ബി സിംഗ്, ഐ ഇ കൊച്ചി ലോക്കൽ സെന്റർ ഓണററി സെക്രട്ടറി ടി സി പ്രശാന്ത്, ഡോ.ജി രംഗനാഥൻ, ഡോ. സഞ്ജയ് പന്ത്, ഇ എ അബ്ദു എന്നിവർ പ്രസംഗിച്ചു. മികച്ച എഞ്ചിനീയർമാർക്കുള്ള അവാർഡ്, മികച്ച യുവ എഞ്ചിനീയർമാർക്കുള്ള അവാർഡ് എന്നിവ ഉദ്ഘാടന ചടങ്ങിൽ സമ്മാനിച്ചു.

# സോളാർ എനർജിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണം

**കൊച്ചി:** പുനരുപയോഗ ഊർജ്ജ സ്രോതസായ സോളാർ എനർജിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്ന് കൊച്ചിയിൽ നടന്ന സൂര്യകോൺഡീകാർബണൈസ് കോൺഫറൻസ് അഭിപ്രായപ്പെട്ടു. വ്യക്തിഗത ഭവനങ്ങളിലും സ്ഥാപനങ്ങളിലും സോളാർ റൂഫിങ് പദ്ധതി ഉറപ്പാക്കിയാൽ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണുവാൻ സാധിക്കുമെന്നും വിദഗ്ദ്ധർ പറഞ്ഞു.

സോളാർ പാനൽ ഗ്രിഡിന്റെ ഗുണനിലവാരം സർക്കാർ ഉറപ്പുവരുത്തണം. ഗുണനിലവാര പരിശോധനയ്ക്ക് ഉപഭോക്തൃ ബോധവത്കരണം അനിവാര്യമാണ്. ഭാരിച്ച വൈദ്യുതി ബിൽ ഒഴിവാക്കുവാൻ സോളാർ പാനൽ സ്ഥാപിക്കുന്നതിലൂടെ കഴിയുമെന്നും സമ്മേളനം ചൂണ്ടിക്കാട്ടി.

സോളാർ എനർജി മേഖലയിലെ പ്രമുഖ പ്രസിദ്ധീകരണമായ ഇ.ക്യൂ ഇന്റൽ ഹോട്ടൽ താജ് വിവാന്തയിൽ സംഘടിപ്പിച്ച കോൺഫറൻസിൽ മുൻ എം.പിയും ഇന്ത്യൻ സോളാർ അസോസിയേഷൻ പ്രസിഡന്റുമായ സി. നരസിംഹൻ,അനർട്ട് അഡീഷണൽ ചീഫ് ടെക്നിക്കൽ മാനേജർ ഡോ. അജിത് ഗോപി, കേരള എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ,കെഎസ്ഇബി പി.എം സൂര്യഘർ പ്രോജക്ട് നോഡൽ ഓഫീസർ നൗഷാദ് എസ്, കേരള എനർജി എഫിഷ്യൻസി സർവീസ് ലിമിറ്റഡ് സംസ്ഥാന മേധാവി സൂരജ് കാന്ത് തുടങ്ങിയവർ പങ്കെടുത്തു.

സസ്റ്റെയ്നബിലിറ്റി ആൻഡ് ഡീകാർബണൈസേഷൻ, യൂട്ടിലിറ്റി സ്കെയിൽ സോളാർ, ഡിസ്ട്രിബ്യൂട്ടഡ് സോളാർ, മാനുഫാക്ചറിങ് ആൻഡ് ടെക്നോളജി എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടന്ന പാനൽ ചർച്ചയിൽ അദാനി സോളാർ റീജിയണൽ മേധാവി പ്രശാന്ത് ബിന്ധൂർ, സോവ സോളാർ സൗത്ത് മാർക്കെറ്റിങ് വി.പി സൗരവ് മുഖർജി തുടങ്ങിയ സോളാർ എനർജി വ്യവസായ മേഖലയിലെ പ്രമുഖർ പങ്കെടുത്തു. തുടർന്ന് ഈ വർഷം സോളാർ മേഖലയിൽ വൈദഗ്ദ്ധ്യം തെളിയിച്ചവർക്കുള്ള പുരസ്കാരവും വിതരണം ചെയ്തു.




# ദക്ഷിണേന്ത്യൻ വിപണിയിൽ ചിക്കൻ പിസ പഫ് അവതരിപ്പിച്ച് ബർഗർ കിങ് ഇന്ത്യ

**കൊച്ചി:** അതിവേഗം വളരുന്ന ക്വിക്ക് സർവീസ് റെസ്റ്റോറന്റ് (ക്യുഎസ്ആർ) ശൃംഖലകളിലൊന്നായ ബർഗർ കിങ് ഇന്ത്യ ദക്ഷിണേന്ത്യൻ ഔട്ട്ലെറ്റുകളിലുടനീളം ഏറ്റവും പുതിയ ബികെ ചിക്കൻ പിസ പഫ് അവതരിപ്പിച്ചു. നേരത്തേ അവതരിപ്പിച്ച വെജ് പിസ പഫിന്റെ വൻ വിജയത്തെത്തുടർന്നാണ് നോൺവെജിറ്റേറിയൻ പ്രേമികൾക്കായി പ്രത്യേകം രൂപകൽപന ചെയ്ത രുചികരമായ പുതിയ വേരിയന്റ് ബർഗർ കിങ് അവതരിപ്പിക്കുന്നത്. ഇതോടെ ചിക്കൻ അടിസ്ഥാനമാക്കിയുള്ള പഫ് സ്നാക്ക് വാഗ്ദാനം ചെയ്യുന്ന ഇന്ത്യയിലെ ആദ്യത്തെ ക്യൂഎസ്ആർ ബ്രാൻഡായി ബർഗർ കിങ് ഇന്ത്യ മാറി.

ചിക്കനൊപ്പം മിക്സഡ്വെജ് തക്കാളി സോസ്, മൊസറെല്ല ചീസ് എന്നിവ നിറച്ചെത്തുന്ന ക്രിസ്പി പഫ് അസാമാന്യ രുചിയാണ് വാഗ്ദാനം ചെയ്യുന്നത്. ഉപഭോക്താക്കൾക്ക് ബികെ ചിക്കൻ പിസ പഫ് വെറും 69 രൂപയ്ക്ക് ആസ്വദിക്കാനാവും. ലോഞ്ച് ഓഫറെന്ന നിലയിൽ വെറും 99 രൂപയ്ക്ക് രണ്ട് ചിക്കൻ പിസ പഫുകളും എക്സ്ക്ലൂസീവ് ഡീലെന്ന നിലയിൽ ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭിക്കും.

പ്രാദേശിക അഭിരുചികൾക്കനുസൃതമായി കൂടുതൽ ചോയ്സുകളോടെ ഞങ്ങളുടെ സ്നാക്കിങ് മെനു വിപുലീകരിക്കാനുള്ള ആഗ്രഹത്തിൽ നിന്നും പിറവിയെടുത്ത ഉത്പന്നമായ ബികെ ചിക്കൻ പിസ പഫ് അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ബർഗർ കിങ് ഇന്ത്യ ചീഫ് മാർക്കറ്റിങ് ഓഫീസർ കപിൽ ഗ്രോവർ പറഞ്ഞു. വെജ് പിസ പഫ് പോലെ തന്നെ ചിക്കൻ പിസ പഫും ഭക്ഷണപ്രേമികൾക്ക് പ്രിയങ്കരമാവുമെന്ന് തങ്ങൾക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# എംഎസ്എംഇകൾക്ക് ടർബോ വായ്പ അവതരിപ്പിച്ച് സിഎസ്ബി ബാങ്ക്

**കൊച്ചി:** എംഎസ്എംഇകളുടെ വളർച്ച ദ്രുതഗതിയിലാക്കുന്നതിനായി സിഎസ്ബി ബാങ്ക് പുതിയ എസ്എംഇ ടർബോ വായ്പ പദ്ധതി അവതരിപ്പിച്ചു. ലളിതമായ വായ്പ പരിഹാര പദ്ധതിയിലൂടെ വിവിധ മേഖലകളിലുള്ള എംഎസ്എംഇകൾക്ക് വേഗത്തിലുള്ളതും തടസ്സരഹിതവുമായ വായ്പ ലഭ്യമാക്കി കൊണ്ട് വായ്പ പ്രക്രിയ കാര്യക്ഷമമാക്കാൻ സിഎസ്ബി ബാങ്ക് ലക്ഷ്യമിടുന്നു.

5 കോടി വരെ വായ്പ, ഓവർഡ്രാഫ്റ്റ്, ടേം ലോൺ, വ്യാപാര സൗകര്യങ്ങൾ, ഉടനടി തത്വത്തിലുള്ള അനുമതി, വായ്പയ്ക്ക് ലളിതമാക്കിയ സ്കോർകാർഡിൻറെ അടിസ്ഥാനത്തിലുള്ള അനുമതി എന്നിവയാണ് എസ്എംഇ ടർബോ വായ്പയുടെ പ്രധാന സവിശേഷതകൾ.

വിവിധ സവിശേഷതകൾ ഉള്ള ഈ പദ്ധതി എംഎസ്എംഇകളെ പൂർണ്ണ ശേഷിയിൽ എത്തിക്കുന്നതിന് വേഗത്തിലും എളുപ്പത്തിലും കൂടുതൽ സുതാര്യമായ വായ്പ പരിഹാരങ്ങൾ ലഭ്യമാക്കുന്നതിനായാണ് ഒരുക്കിയിരിക്കുന്നത്. ടർബോ വായ്പ പദ്ധതി ലളിതമാക്കിയ വായ്പ നിർണ്ണയത്തെ അടിസ്ഥാനമാക്കി, ഉടനടി തത്വത്തിലുള്ള അനുമതി നൽകിക്കൊണ്ട് എസ്എംഇകൾക്ക് വായ്പ ലഭ്യമാക്കുന്ന രീതി എളുപ്പമാക്കുന്നു. ഇത് വിപണിയിൽ സവിശേഷമായ ഒന്നാണ്. വായ്പ പ്രക്രിയയിൽ സാധാരണയുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിലൂടെ ചെറുകിട ബിസിനസുകളെ ശാക്തീകരിക്കുകയും വേഗത്തിലുള്ള വളർച്ച കൈവരിക്കുക മാത്രമല്ല സമ്പദ്വ്യവസ്ഥയുടെ ആകമാനമുള്ള വികസനത്തിന് സഹായിക്കുകയും ചെയ്യുന്നു. മികച്ച വൈദഗ്ധ്യമുള്ള വ്യവസായ വിദഗ്ധരുമായി സഹകരിച്ചാണ് സ്കോർകാർഡ് വികസിപ്പിച്ചിരിക്കുന്നതെന്ന് എസ്എംഇ ബിസിനസ് ഗ്രൂപ്പ് മേധാവി ശ്യാം മണി പറഞ്ഞു.

ബാങ്കിൻറെ സുസ്ഥിരത, വലിപ്പം, സ്കെയിൽ 2030 എന്ന ലക്ഷ്യവുമായി യോജിച്ച് ഇന്നത്തെ ഊർജ്ജസ്വലമായ ബിസിനസ് സാഹചര്യത്തിൽ എംഎസ്എംഇകളെ വളരാൻ സഹായിക്കുന്നതിനുള്ള സിഎസ്ബി ബാങ്കിൻറെ വിശാലമായ ദൗത്യത്തിൻറെ ഭാഗമാണ് ഈ പദ്ധതി.

# വാഹനത്തിന് വിൽപ്പനാനന്തര സേവനം നൽകിയില്ല, ബൈക്ക് നിർമാതാക്കൾക്കും ഡീലർക്കും 5.39 ലക്ഷം രൂപ പിഴവിധിച്ച് ഉപഭോക്തൃ കോടതി

**കൊച്ചി :** വിൽപ്പനാനന്തര സേവനം നിഷേധിക്കുകയുംആവശ്യമായ സ്പെയർ പാർട്സ് വിപണിയിൽ ലഭ്യമാക്കാതെയും അധാർമികമായ വ്യാപാരം നടത്തിയ ബൈക്ക് നിർമാതാവും ഡീലറും വിലയും നഷ്ടപരിഹാരവും കോടതി ചെലവും പരാതിക്കാർക്ക് നൽകണമെന്ന് എറണാകുളം ജില്ല ഉപഭോക്തൃ കോടതി.എറണാകുളം സ്വദേശികളായ പ്രശാന്ത് വി, ജയ്ചന്ദ്ര മേനോൻ എന്നിവർ സമർപ്പിച്ച ഹർജിയിലാണ് കോടതിയുടെ ഉത്തരവ്.എറണാകുളം ഇടപ്പള്ളി , ന്യൂഡൽഹി എന്നിവടങ്ങളുലം സ്ഥാപനങ്ങൾക്കെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.2.9 ലക്ഷം രൂപ നൽകിയാണ് ക്രൂസർ ബൈക്കുകൾ പരാതിക്കാർ വാങ്ങിയത്. സ്റ്റാർട്ടിങ് പ്രോബ്ലം ഉൾപ്പെടെ പല തകരാറുകളും തുടക്കം മുതലേ തന്നെ ആരംഭിച്ചു.അമിത ശബ്ദം, ചൂട്, അപകടകരമായ രീതിയിൽ പെട്ടെന്ന് ബൈക്ക് നിന്ന് പോവുക ഉൾപ്പെടെയുള്ള പല തകരാറുകളും ബൈക്കിന് ഉണ്ടായി.ആ.S4 ഫ്യുവൽ ഇൻജക്ഷനിൽ സാങ്കേതിക തകരാർ ഉണ്ടെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ കാർബറേറ്റർ സാങ്കേതികവിദ്യയിലേക്ക് മാറ്റി. എന്നിട്ടും ബൈക്ക് ഉപയോഗിക്കുന്നത് സുരക്ഷിതമല്ല എന്ന് പരാതിക്കാർക്ക് ബോധ്യപ്പെട്ടു. തുടർന്ന് സർവീസ് നൽകാൻ രണ്ടാം എതിർകക്ഷി വിസമ്മതിക്കുകയും ചെയ്തു. ബൈക്കിന്റെ എട്ടാം സർവീസ് ആയതോടെ ആവശ്യമായ പാർട്സും വിപണിയിൽ ലഭ്യമല്ലാതായി.വാറണ്ടി കാലയളവിനുള്ളിൽ തന്നെയാണ് ഇത് സംഭവിച്ചത്. ന്യൂനത കണ്ടെത്തിയതും ഈ കാലയളവിൽ തന്നെയാണ്. ബൈക്കിന്റെ നിർമ്മാണ ന്യൂനത കണ്ടെത്തിയെങ്കിലും അത് പരിഹരിക്കാനുള്ള യാതൊരു ശ്രമവും എതിർകക്ഷികളുടെ ഭാഗത്ത് നിന്നുണ്ടായില്ല. ബൈക്കിന്റെ വിലയും നഷ്ടപരിഹാരവും കോടതി ചെലവും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് പരാതിക്കാർ കോടതിയെ സമീപിച്ചത്.നിർമ്മാണ ന്യൂനതയാണ് യഥാർത്ഥ കാരണമെന്ന് ഡീലർ കോടതി മുമ്പാകെ ബോധിപ്പിച്ചു. കമ്പനിയുടെ തെറ്റായ നടപടികൾ മൂലം സ്ഥാപനം തന്നെ അടച്ചു പൂട്ടിയ സാഹചര്യത്തിൽ പോലീസിൽ പരാതി നൽകുകയും ചെയ്തു. നിർമ്മാണപരമായ ന്യൂനത മൂലമുള്ള ബൈക്കിന്റെ തകരാറിന് ഡീലർ ഉത്തരവാദി അല്ലെന്നും നിർമാതാക്കളാണ് അത് പരിഹരിക്കേണ്ടതെന്നും അവർ അറിയിച്ചു.

സ്പെയർപാർട്സുകൾ വിപണിയിൽ ലഭ്യമല്ലാതാക്കുന്നതിലൂടെ ഉൽപ്പന്നം തന്നെ ഉപയോഗശൂന്യമാകുന്നു. ഇത് അധാർമികമായ വ്യാപാര രീതിയാണ്. മാത്രമല്ല റിപ്പയർ ചെയ്ത് ഉപയോഗിക്കാനുള്ള ഉപഭോക്തൃ അവകാശത്തിന്റെ ലംഘനം കൂടിയാണ്. എതിർ കക്ഷിയുടെ പ്രവർത്തികൾ ധനനഷ്ടവും മന:ക്ലേശവും പരാതിക്കാർക്ക് ഉണ്ടാക്കിയെന്നത് സംശയാതീതമായി ബോധ്യപ്പെട്ടെന്ന് ഡി. ബി ബിനു അധ്യക്ഷനും വി രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബഞ്ച് വ്യ ക്തമാക്കി. ഈ സാഹചര്യത്തിൽ എതിർകക്ഷികൾ തകരാറുകൾ ഇല്ലാത്ത പുതിയ ബൈക്കുകൾ പരാതിക്കാർക്ക് മാറ്റിനൽകുകയോ, ബൈക്കിന്റെ വിലയായ 2,09,750/ രൂപ വീതം തിരികെ നൽകുകയോ ചെയ്യുക. കൂടാതെഅരലക്ഷം രൂപ വീതം നഷ്ടപരിഹാരമായും 10,000 രൂപ വീതം കോടതി ചെലവായും 30 ദിവസത്തിനകം നൽകണമെന്ന് കോടതി ഉത്തരവ് നൽകി.പരാതിക്കാർക്ക് വേണ്ടി അഡ്വ. ഉമർ ഫാറൂഖ് കോടതിയിൽ ഹാജരായി.

# കൊച്ചി ലുലു മാളിൽ ഫ്രാഗ്രൻസ് എക്സ്പോ തുടങ്ങി

**കൊച്ചി:** പ്രമുഖ പെർഫ്യൂം ബ്രാൻഡുകളായ BLSH, MYOP, സ്കിൻ ബൈ ടൈറ്റൻ എന്നിവർക്കൊപ്പം ചേർന്ന് കൊച്ചി ലുലു മാളിൽ 'ലുലു ഫ്രാഗ്രൻസ് എക്സ്പോ' തുടങ്ങി. ഈ മാസം 20 വരെ നടക്കുന്ന എക്സ്പോ സിനിമാ താരങ്ങളായ ഷറഫുദ്ദീൻ, വഫ എന്നിവർ ചേർന്നു ഉദ്ഘാടനം ചെയ്തു. എക്സ്പോയിലൂടെ ലുലു മാൾ സന്ദർശകർക്കായി വിവിധ പെർഫ്യൂം ബ്രാൻഡുകളുടെ ശേഖരവും കൂടാതെ ലൈവ് വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നുണ്ട്. ആഗോള ബ്രാൻഡുകളായ ഹെർമെസ്, ഡോൾച്ചേ ആൻഡ് ഗബ്ബാന, ബോസ്സ്, ഡേവിഡോഫ്, വിക്ടോറിയാസ് സീക്രെട്, കൂടാതെ മറ്റു ബ്രാൻഡുകളും വിലക്കുറവിൽ നേടാനുള്ള അവസരം കൂടിയാണ് ലുലു ഫ്രാഗ്രൻസ് എക്സ്പോ.




# മൂവാറ്റുപുഴ അർബൻ സഹ. ബാങ്കിന് ഡിജിറ്റൽ പ്ലാറ്റ്ഫോം

**കൊച്ചി:** മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക് ഇടപാടുകാർക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൻറെ ഭാഗമായി ആരംഭിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഉദ്ഘാടനം ഇന്ന് ഉച്ചകഴിഞ്ഞു മൂന്നിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ജനറൽ മാനേജർ ഷൈനി സുനിൽ നിർവഹിക്കും.

ബാങ്ക് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ ബാങ്ക് ചെയർമാൻ എ.എ. അൻഷാദ് അധ്യക്ഷത വഹിക്കും. ലോഗോ പ്രകാശനം കേരള ബാങ്ക് പ്രസിഡൻറ് ഗോപി കോട്ടമുറിക്കലും സോളാർ വായ്പാ വിതരണ ഉദ്ഘാടനം പി.ആർ. മുരളീധരനും ഇലക്ട്രിക് വാഹന വായ്പാ വിതരണ ഉദ്ഘാടനം സി.കെ. സോമനും നിർവഹിക്കും.

# പ്രകൃതിദത്ത റബർ ഉത്പാദനം: 2.1 ശതമാനം വർധനയെന്ന് റബർ ബോർഡ്

**കോട്ടയം:** രാജ്യത്ത് പ്രകൃതിദത്ത റബറിൻറെ ഉത്പാദനത്തിൽ 2.1 ശതമാനം വർധനയെന്ന് റബർ ബോർഡ്. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 8.57 ലക്ഷം ടൺ ആയിരുന്നു ഉത്പാദനം.

202223ൽ അത് 8.39 ലക്ഷം ടൺ ആയിരുന്നു. 202223 ലെ 13.5 ലക്ഷം ടൺ ഉപയോഗം 202324ൽ 4.9 ശതമാനം വർധിച്ച് 14.16 ലക്ഷം ടണ്ണായി ഉയർന്നു.ഓഗസ്റ്റ് വരെയുള്ള ഉത്പാദനം 2.83 ലക്ഷം ടൺ ആണ്. ഇത് കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 0.7 ശതമാനം കൂടുതലാണ്. 202425 സാമ്പത്തികവർഷത്തേക്കുള്ള പ്രതീക്ഷിത ഉത്പാദനം 8.75 ലക്ഷം ടൺ ആണ്.മുൻ വർഷത്തെ അപേക്ഷിച്ച് 202425 ഏപ്രിൽ മുതൽ ജൂലൈ വരെ തായ് ലൻഡിൻറെ ഉത്പാദനത്തിൽ 0.7 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഇത് വരും ദിവസങ്ങളിൽ റബർവിലയിൽ മാറ്റമുണ്ടാക്കുമെന്നാണ് ബോർഡിൻറെ പ്രതീക്ഷ.റബർബോർഡ് സെപ്റ്റംബറിൽ പ്രസിദ്ധീകരിച്ച ഇന്ത്യൻ റബർ സ്റ്റാറ്റിസ്റ്റിക്സിൻറെ 45ാമത് പതിപ്പിലാണു കണക്കുകൾ വ്യക്തമാക്കുന്നത്.

## ഇന്നത്തെ പരിപാടി കലൂർ ഐ.എം.എ ഹൗസ്

ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമ്മേളനം' ഇസാകോൺ കേരള 2024. ഇന്ന് (18.10.2024 വെള്ളി) രാവിലെ 9 മുതൽ

# വാരി എനർജീസ് ലിമിറ്റഡ് ഐപിഒ ഒക്ടോബർ 21 മുതൽ

**കൊച്ചി:** വാരി എനർജീസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഒക്ടോബർ 21 മുതൽ 23 വരെ നടക്കും. 3600 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 48,00,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 1427 രൂപ മുതൽ 1503 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 9 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 9ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഇന്റൻസീവ് ഫിസ്ക്കൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, ഐടിഐ ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .

# നിയമ വ്യവഹാരങ്ങൾ ലളിതമാക്കാൻ എഐ അധിഷ്ഠിത സർവീസുമായി ലെക്സ്ലെഗീസ്.എഐ

**കൊച്ചി:** സങ്കീർണമായ നിയമ കാര്യങ്ങളും പദങ്ങളുമെല്ലാം ലളിതമായ രീതിയിൽ പൊതുജനങ്ങൾക്കും നിയമജ്ഞർക്കും ലഭ്യമാക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമായ ലെക്സ്ലെഗീസ്.എഐ ആർട്ടിഫിഷ്യൽ ഇൻറലിജൻസിൻറെ സഹായത്തോടെ ഇൻററാക്ട് ടൂൾ അവതരിപ്പിച്ചു. രാജ്യത്തെ കോടതികളിൽ നടക്കുന്ന വ്യവഹാരങ്ങളും ഉത്തരവുകളും അനുബന്ധ രേഖകളുമെല്ലാം സാധാരണക്കാരന് മനസിലാകുന്ന തരത്തിൽ പരിഭാഷപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കോടതി ഉത്തരവുകളുടെ താരതമ്യ പഠനം, ദീർഘ വിധി ന്യായങ്ങളിനിന്നും പ്രധാന വിശദാംശങ്ങളുടെ വേഗത്തിലുള്ള വേർതിരിവ്, ഉത്തരവുകളിലെയും അനുബന്ധ രേഖകളിലെയും നിയമപരമായ ഉള്ളടക്കത്തിൻറെ പരിഭാഷ എന്നിവയും ഇതിലൂടെ ലഭിക്കും. നിയമ പ്രൊഫഷണലുകൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും ഏറെ ഉപകാരപ്രദമാകുന്ന രീതിയിലാണ് ഇൻററാക്ട് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

നിയമ വ്യവസ്ഥകളെ ഏവർക്കും മനസിലാക്കുന്ന തരത്തിൽ ലഘൂകരിക്കുക വഴി ലീഗൽ ഡോക്യുമെൻറേഷൻ മാനേജ്മെൻറിനെ പുതിയ തലത്തിൽ അവതരിപ്പിക്കുകയാണ് ഇൻററാക്ടിലൂടെ ലക്ഷ്യമിടുന്നതെന്ന് ലെക്സ് ലെഗീസിൻറെ സ്ഥാപകൻ സാക്കർ എസ് യാദവ് പറഞ്ഞു. വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങളിലുൾപ്പടെ ഇൻ ഹൗസായി പ്രവർത്തിക്കുന്ന ലീഗൽ ടീമിൻറെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഇൻററാക്ടിലൂടെ സാധ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

അന്തരിച്ച മുൻ ഇൻകം ടാക്സ് ചീഫ് കമ്മിഷണർ എസ്.സി യാദവും, സാക്കർ എസ് യാദവും ചേർന്നാണ് ലെക്സ് ലെഗീസ് പ്ലാറ്റ്ഫോം ആരംഭിച്ചത്.

# ദീപാവലി ആഘോഷങ്ങൾക്ക് തുടക്കമിട്ട് ഡിഷ് ടിവി

**കൊച്ചി:** ദീപാവലി ആഘോഷങ്ങളുടെ ഭാഗമായി രാജ്യത്തെ പ്രമുഖ ഡി2എച്ച് സേവനദാതാക്കളായ ഡിഷ് ടിവി ഒരു മാസം നീണ്ടുനിൽക്കുന്ന 'ഡിഷ് കി ദിവാലി' കാമ്പയിൻ അവതരിപ്പിച്ചു. തിരഞ്ഞെടുക്കുന്ന വരിക്കാർക്ക് ആഴ്ചതോറും സ്കൂട്ടർ, ഫ്രിഡ്ജ്, ടെലിവിഷൻ എന്നിവയും ബംപർ സമ്മാനമായി കിയ എസ്‌യുവി, ടാറ്റ ടിയാഗോ എസ്‌യുവി, മാരുതി ആൾട്ടോ, ബൈക്ക്, ഐഫോൺ, ലാപ്ടോപ് എന്നിവയും നൽകും. കാമ്പയിനിന്റെ ഭാഗമായി നിലവിലുള്ള വരിക്കാർക്ക് പുറമെ പുതിയ വരിക്കാർക്കും നിരവധി ഓഫറുകളും ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഡിഷ് ടിവിയുടെ വാച്ചോ മാക്സ് പ്ലാനിലൂടെ റീചാർജ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് ക്യാഷ്ബാക്ക് ഓഫറുമുണ്ട്.

ദീപാവലി ആഘോഷ വേളയിൽ ഒത്തുകൂടുന്ന രാജ്യമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് അതിശയിപ്പിക്കുന്ന സമ്മാനങ്ങളാണ് ഡിഷ് ടിവി ഒരുക്കിയിട്ടുള്ളതെന്ന് ഡിഷ് ടിവി ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ മനോജ് ഡോബൽ പറഞ്ഞു. ടെലിവിഷൻ, ഒടിടി വിനോദ മേഖലയിൽ ആകർഷകങ്ങളായ ഓഫറുകളും നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികവാർന്ന കാഴ്ച അനുഭവവുമാണ് ഡിഷ് ടിവി ഉപഭോക്താക്കൾക്ക് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# സൗത്ത് ഇന്ത്യൻ ബാങ്കിന് 325 കോടി രൂപ അറ്റാദായം

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷം രണ്ടാം പാദത്തിൽ സൗത്ത് ഇന്ത്യൻ ബാങ്ക് 325 കോടി രൂപയുടെ ത്രൈമാസ അറ്റാദായം രേഖപ്പെടുത്തി. മുൻ വർഷം ഇതേ കാലയളവിൽ 275 കോടി രൂപയായിരുന്നു അറ്റാദായം. 18.15 ശതമാനമാണ് വാർഷിക വളർച്ച. രണ്ടാം പാദത്തിലെ പ്രവർത്തന ലാഭം 19.51 ശതമാനം വർധനയോടെ 550 കോടി രൂപയിലെത്തി. മുൻവർഷം ഇത് 460 കോടി രൂപയായിരുന്നു.നിഷ്ക്രിയ ആസ്തികൾ കുറയ്ക്കാനും ബാങ്കിനു കഴിഞ്ഞു. മൊത്ത നിഷ്ക്രിയ ആസ്തി 4.96 ശതമാനത്തിൽ നിന്ന് 56 പോയിന്റുകൾ കുറച്ച് 4.40 ശതമാനത്തിലും, അറ്റ നിഷ്ക്രിയ ആസ്തി 39 പോയിന്റുകൾ കുറച്ച് 1.70 ശതമാനത്തിൽ നിന്ന് 1.31 ശതമാനത്തിലുമെത്തിച്ച് നില മെച്ചപ്പെടുത്തുകയും ചെയ്തു. അറ്റപലിശ വരുമാനം 6.22 ശതമാനം വർധനവോടെ 882 കോടി രൂപയായി ഉയർന്നു. പലിശ ഇതര വരുമാനം 26.34 ശതമാനം വളർച്ചയോടെ 356 കോടി രൂപയിൽനിന്ന് 449 കോടി രൂപയിലെത്തി. ആസ്തികളിൽ നിന്നുള്ള വരുമാനം 10 പോയിന്റുകൾ ഉയർന്ന് 1.07 ശതമാനമായി വർധിച്ചു. എഴുതിത്തള്ളൽ ഉൾപ്പെടുത്തിയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 290 പോയിന്റുകൾ വർധിച്ച് 80.72 ശതമാനമായി. എഴുതിത്തള്ളലിനു പുറമെയുള്ള കിട്ടാകടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം 447 പോയിന്റുകൾ വർധിച്ച് 71.24 ശതമാനവുമായി. റീട്ടെയിൽ നിക്ഷേപങ്ങൾ 93,448 കോടി രൂപയിൽ നിന്ന് 8.78 ശതമാനം വർധിച്ച് 1,01,652 കോടി രൂപയിലെത്തി. എൻ ആർ ഐ നിക്ഷേപം 28,785 കോടി രൂപയിൽ നിന്ന് 5.92 ശതമാനം വർധനയോടെ 30,488 കോടി രൂപയിലെത്തി. 1,703 കോടി രൂപയുടെ വർധനവാണ് രേഖപ്പെടുത്തിയത്. കാസ അനുപാതത്തിൽ 7.81 ശതമാനമാണ് വളർച്ച. സേവിങ്സ് അക്കൗണ്ടുകൾ 4.44 ശതമാനവും കറന്റ് അക്കൗണ്ടുകൾ 25.02 ശതമാനവും വളർന്നു.

വായ്പാ വിതരണത്തിൽ 13.03 ശതമാനം വാർഷിക വളർച്ച കൈവരിച്ചു. 9,767 കോടി രൂപയുടെ വർധനയോടെ 84,714 കോടി രൂപയുടെ വായ്പകളാണ് വിതരണം ചെയ്തത്. കോർപറേറ്റ് വിഭാഗത്തിൽ മൊത്ത വായ്പ വിതരണം 6,470 കോടി രൂപ വർധനവോടെ 33,961 കോടി രൂപയിലുമെത്തി. 23.5 ശതമാനമാണ് വളർച്ച. ഇവയിൽ 99.6 ശതമാനവും ഉയർന്ന റേറ്റിങ്ങുള്ള കോർപറേറ്റ് അക്കൗണ്ടുകളാണ്. വ്യക്തിഗത വായ്പകൾ 9.02 ശതമാനം വർധിച്ച് 2,107 കോടി രൂപയിൽ നിന്നും 2,297 കോടി രൂപയിലെത്തി.

സ്വർണ വായ്പകളിൽ 10.74 ശതമാനമാണ് വാർഷിക വർധന. ഇത് 14,998 കോടി രൂപയിൽ നിന്നും 16,609 കോടി രൂപയായി ഉയർന്നു. ഭവന വായ്പകളിൽ 41.94 ശതമാനം വളർച്ചയോടെ 7,072 കോടി രൂപയിലെത്തി. ഇക്കാലയളവിൽ 2,090 കോടി രൂപയുടെ അധിക വായ്പകളാണ് അനുവദിച്ചത്. വാഹന വായ്പകളിൽ 18.11 ശതമാനം വാർഷിക വളർച്ചയോടെ 1,828 കോടി രൂപയിലെത്തി. മുൻവർഷം ഇതേപാദത്തിൽ 1,548 കോടി രൂപയായിരുന്നു ഉണ്ടായിരുന്നത്.ബാങ്ക് നടപ്പിലാക്കിവരുന്ന തന്ത്രങ്ങൾ മികച്ച ബിസിനസ് പ്രകടനം സാധ്യമാക്കുന്നുണ്ടെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് എംഡിയും സിഇഒയുമായ പി. ആർ. ശേഷാദ്രി പറഞ്ഞു. കോർപറേറ്റ്, ഭവന വായ്പ, വാഹന വായ്പ, വ്യക്തിഗത വായ്പ, സ്വർണ വായ്പ തുടങ്ങി എല്ലാ വിഭാഗങ്ങളിലും ആസ്തി ഗുണമേന്മയിൽ ശ്രദ്ധകേന്ദ്രീകരിച്ച് പ്രതീക്ഷിച്ച വളർച്ച നേടാൻ ബാങ്കിനു കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

# മെറ്റയിൽ പിരിച്ചുവിടൽ

**മെൻലോ പാർക്ക് (കലിഫോർണിയ):** മാർക് സുക്കർബർഗിൻറെ മെറ്റ കമ്പനി അതിൻറെ പ്രധാന ഡിവിഷനുകളിൽനിന്ന് ജീവനക്കാരെ പിരിച്ചുവിടുന്നു. കന്പനി അതിൻറെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ വാട്ട്സ്ആപ്പ്, ഇൻസ്റ്റാഗ്രാം എന്നിവയിൽനിന്നും റിയാലിറ്റി ലാബ്സിൽനിന്നുമുള്ള ജീവനക്കാരെയാണ് പിരിച്ചുവിടാൻ തുടങ്ങിയെന്നാണ് റിപ്പോർട്ടുകൾ വരുന്നത്.

കമ്പനികളിൽ വ്യാപകമായി നടക്കുന്ന വലിയ തോതിലുള്ള പിരിച്ചുവിടലിൽനിന്ന് വ്യത്യസ്തമായി, ഈ വെട്ടിക്കുറച്ചിലുകൾ പ്രത്യേക ടീമുകൾക്കുള്ളിലാണ് നടത്തുന്നത്. കന്പനിയുടെ പുനഃസംഘടനയുടെ ഭാഗമായാണ് പിരിച്ചുവിടലെന്ന് റിപ്പോർട്ടുകളുണ്ട്.2023ൽ മെറ്റയുടെ ത്രെഡ്സ് ടീമിൽ ചേർന്ന ജെയ്ൻ മഞ്ചൂൻ വോംഗ് പിരിച്ചുവിടൽ വാർത്ത പരസ്യമായി പങ്കുവച്ചു. മുമ്പ് വോംഗ് പ്രഖ്യാപിക്കാത്ത ആപ്പ് ഫീച്ചറുകൾ കണ്ടെത്തുന്നതിൽ വിദഗ്ധയായിരുന്നു.

ജോലി നഷ്ടപ്പെട്ടതിനെ തുടർന്ന് പലരും ലിങ്ക്ഡ്ഇൻ പ്ലാറ്റ്ഫോമുകളിലൂടെ പോസ്റ്റ് ചെയ്യാൻ തുടങ്ങി. ഇത് ആദ്യമായിട്ടല്ല മെറ്റ അവരുടെ ജീവനക്കാരെ പിരിച്ചു വിടുന്നത്.

കന്പനിയുടെ ദീർഘകാല ലക്ഷ്യങ്ങൾ നേടുന്നതിന് അതിൻറെ വിഭവങ്ങൾ പുനക്രമീകരിക്കുന്ന പദ്ധതിയുടെ ഭാഗമാണ് ഈ പിരിച്ചുവിടലുകളെന്ന് മെറ്റ വക്താവ് ഡേവ് അർനോൾഡ് പറഞ്ഞു.

ഇതിനു മുന്നേ ഒറ്റയടിക്ക് വലിയൊരു കൂട്ടം ആളുകളെ പിരിച്ചു വിട്ടിട്ടുണ്ട്. ഈ വർഷം ആദ്യം മെറ്റയുടെ റിയാലിറ്റി ലാബ്സ് ഡിവിഷനിൽ വെട്ടിക്കുറച്ചിലുകൾ നടത്തിയതിനു ശേഷമാണ് പുതിയ പിരിച്ചുവിടലുകൾ നടക്കുന്നത്.

2022 മുതൽ മെറ്റ ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയാണ്. കോവിഡ് മഹാമാരിയെത്തുടർന്നു തകർച്ച നേരിട്ടതിനാൽ 11,000 പേരെയാണ് പിരിച്ചുവിട്ടത്. 2023ൽ, സിഇഒ മാർക് സക്കർബർഗിൻറെ 'കാര്യക്ഷമതയുടെ വർഷം' പദ്ധതി പ്രകാരം 10,000 ജോലികൾ വെട്ടിക്കുറച്ചു.

# കെൽട്രോൺ നിർമിച്ച പ്രതിരോധ ഉൽപ്പന്നങ്ങൾ കൈമാറി

**കൊച്ചി:** കെൽട്രോൺ നിർമ്മിച്ച തന്ത്ര പ്രധാന ഇലക്ട്രോണിക്സ് ഉപകരണങ്ങൾ വ്യവസായ മന്ത്രി പി രാജീവിന്റെ സാന്നിധ്യത്തിൽ പ്രതിരോധ സ്ഥാപനങ്ങൾക്ക് കൈമാറി. കൊച്ചി മൺസൂൺ എംപ്രസ്സ് ഹോട്ടലിൽ നടന്ന പരിപാടിയിലാണ് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, എൻപിഒഎൽ, ഹിന്ദുസ്ഥാൻ ഷിപ്പിയാർഡ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൈമാറ്റം നടത്തിയത്. കെൽട്രോൺ നിർമിച്ച സോണാർ പവർ ആംപ്ലിഫയർ, മരീച് സോണാർ അറേ, ട്രാൻസ്ഡ്യൂസർ ഇല മെന്റ്സ്, സബ്മറൈൻ എക്കോ സൗണ്ടർ, സബ്മറൈൻ കാവിറ്റേഷൻ മീറ്റർ, സോണാർ ട്രാൻസ്മിറ്റർ സിസ്റ്റം, സബ് മറൈൻ ടൂവ്ഡ് അറേ ആന്റ് ആക്ടീവ് നോയിസ് ക്യാൻസലേഷൻ സിസ്റ്റം എന്നിവയാണ് ഇന്നു കൈമാറിയത്.

ഇന്ത്യയിൽ ആദ്യമായി തദ്ദേശീയമായി വികസിപ്പിക്കുന്ന, എൻപിഒഎൽ രൂപകൽപ്പന നിർവഹിച്ച ടോർപ്പിഡോ പവർ ആംപ്ലിഫയർ നിർമ്മിക്കുന്നതിനുള്ള ഓർഡർ ഭാരത് ഡൈനാമിക്സ് ലിമിറ്റഡിൽ നിന്നും, ഇന്ത്യയിൽ, മനുഷ്യസഹായം ഇല്ലാതെ സെൻസറുകളുടെ അടിസ്ഥാനത്തിൽ സഞ്ചരിക്കുന്ന ഉപകരണം നിർമ്മിക്കുന്നതിനു കേന്ദ്രസർക്കാർ തിരഞ്ഞെടുത്ത സ്റ്റാർട്ടപ്പ് കമ്പനിയായ റെക്സി മറൈൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നു ബോ ആൻഡ് ഫ്ലാങ്ക് അറേ നിർമ്മിക്കുന്നതിനുള്ള ലെറ്റർ ഓഫ് ഇന്റന്റും കെൽട്രോൺ സ്വീകരിച്ചു.

ഈ സാമ്പത്തിക വർഷം കെൽട്രോൺ ആയിരം കോടി വിറ്റുവരവ് കൈവരിക്കുമെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. സർക്കാരിന്റെ 100 ദിന പരിപാടിയുടെ വേളയിൽ തന്നെ രാജ്യത്തെ ആദ്യത്തെ സൂപ്പർ കപ്പാസിറ്റർ നിർമിച്ചു കൊണ്ട് കെൽട്രോൺ ചരിത്രം സൃഷ്ടിച്ചതായും മന്ത്രി പറഞ്ഞു.

ഉമാതോമസ് എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ്, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂലാ തോമസ്, എൻപിഒഎൽ ഡയറക്ടർ ഡോ ഡി സേഷാഗിരി, എൻ എസ് ടി എൽ ഡയറക്ടർ ഡോ എബ്രഹാം വറുഗീസ്, ഭാരത് ഇലക്ട്രോണിക്സ് നേവൽ സിസ്റ്റംസ് ഹെഡ് കെ കുമാർ, ഭാരത് ഡൈനാമിക്സ് ജി എം സിംഹചലം, റികൈസ് മറൈൻ ഫൗണ്ടർ മൈത്രി മക,ഡയറക്ടറേറ്റ് ഓഫ് നേവൽഡിസൈൻ ശശാങ്ക് ശങ്കർ,എച്ച് എസ് എൽ വെപ്പൺസ് ഹെഡ് ചാവ വിജയ കുമാർ, ബി പി ടി ചെയർമാൻ കെ അജിത് കുമാർ, കെൽട്രോൺ ചെയർമാൻ എൻ നാരായണമൂർത്തി, കെൽട്രോൺ മാനേജിംഗ് ഡയറക്ടർ ശ്രീകുമാർ നായർ, ടെക്നിക്കൽ ഡയറക്ടർ വിജയൻ പിള്ള, എന്നിവർ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663